സത്യം    അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 45 | ലക്കം 2 | 2018 ജൂൺ 15

# അയൽക്കൂട്ട ജീവിതത്തിൽ മനസ്സിനുള്ള സ്ഥാനം

**ഡി.പങ്കജാക്ഷൻ** *88 ഫെബ്രുവരി 15*

നമ്മുടെ മനസ്സ് ഇപ്പോഴത്തെ തലത്തിൽ നിന്ന് ഉയരുന്നില്ലെങ്കിൽ തറക്കൂട്ടങ്ങളും അയൽക്കൂട്ടങ്ങളും ഗ്രാമക്കൂട്ടവും ഉണ്ടായാലും നമുക്ക് സ്വസ്ഥത ഉണ്ടാവില്ല. മനുഷ്യമനസ്സിന്റെ തലം ഏതാണെന്നു കണ്ടെത്താൻ ഏറ്റവും എളുപ്പമായ ഒരു വഴിയുണ്ട്. മറ്റുള്ളവരോടുള്ള സമീപനം സ്വയം നിരീക്ഷിച്ചാൽ മതി. എനിക്ക് എന്റെ വീട്ടിലുള്ളവരോട് ഇടപെടുവാൻ സന്തോഷമുണ്ടോ? എന്റെ കുടുംബാംഗങ്ങളെപ്പറ്റി ഞാൻ ചിന്തിക്കാറുണ്ടോ? സഹോദരന്റെ ഹിതം എന്ത്? അച്ഛനമ്മമാരുടെ താല്പര്യം എന്ത്? ഇണയ്ക്ക് എന്താണിഷ്ടം? എന്നിങ്ങനെ കുടുംബ ത്തിൽ മറ്റുള്ള ഓരോരുത്തരുടേയും ഹിതം, അവസ്ഥ, ആരോഗ്യം, സ്വഭാവം ഇതൊക്കെ മനസ്സിലാക്കി അതിനനുസരിച്ച് അവർക്കുവേണ്ടതു ചെയ്യുവാൻ എനിക്ക് സന്തോഷമാണോ? ആണെങ്കിൽ മനസ്സ് വളർന്നുകൊണ്ടിരിക്കു കയാണെന്ന് മനസ്സിലാക്കാം. മനസ്സു വളർന്നു തുടങ്ങിയാൽ അത് അയൽക്കാരിലേക്കും ലോകമാസകലവും വളരാൻ തക്ക അതിമഹത്തായ കഴിവുള്ളതാകയാൽ, അതിന്റെ വളർച്ച യ്ക്കനുസരിച്ച് അതു ശുദ്ധവും വിശാലവും ആനന്ദദായകവും ആയി ക്കൊണ്ടേയിരിക്കും.

ഇന്നിപ്പോൾ നമ്മുടെ മനസ്സ് കുടുംബാംഗങ്ങളുമായിപ്പോലും ഇണങ്ങുന്നില്ല. വീട്ടിൽ വളർത്തുന്ന ഒരു നായ് വീട്ടുകാരുടെ നേരെ കുരയ്ക്കുന്ന തലത്തിലാണ് മനസ്സു നിൽക്കുന്നത്. മനുഷ്യ മനസ്സ് താണ

തലത്തിലാണെന്നു മാത്രമല്ല; നിമിഷംതോറും താണുകൊണ്ടിരിക്കുകയുമാണ്. അധഃപതിക്കാൻ തുടങ്ങിയാൽ കീഴോട്ടുള്ള ആഴത്തിന് അളവൊന്നുമില്ല. ഇണകൾ പരസ്പരം വെട്ടിക്കൊല്ലും, കുട്ടികളെ കൊല്ലും, നാടിനാകെ തീവെയ്ക്കും. അന്യർക്ക് ഉപദ്രവം എത്ര വരുത്താമോ അതൊക്കെ ചെയ്യുന്ന തരത്തിലേക്ക് താണു പോകും. ഇന്നിപ്പോൾ ഇത്തരത്തിലൊക്കെ നാം ചെയ്യാറുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. നമ്മുടെ മനസ്സ് താണുകൊണ്ടാണോ ഇരിക്കുന്നത് അതോ ഉയർന്നുകൊണ്ടാണോ ഇരിക്കുന്നത്? ഇതാണ് പ്രശ്നം. ഓരോരുത്തരും സ്വന്തം മനസ്സിനെ സ്വന്തം മനസ്സുകൊണ്ടുതന്നെ ഒന്നു നിരൂപണം ചെയ്തുനോക്കി ഗതി എങ്ങോട്ടെന്നു മനസ്സിലാക്കണം. നാം പൊതുവേ പുറകോട്ടാണെന്ന് തോന്നുന്നു.

ഈ ഗതിമാറി മുന്നോട്ടു ചലിക്കാൻ തുടങ്ങുന്ന ഘട്ടത്തിലെ പുതിയ സംഭവവികാസങ്ങളുടെ കൂട്ടത്തിലാണ് തറക്കൂട്ടവും അയൽക്കൂട്ടവും മറ്റും വരുന്നത്. പുറകോട്ടു തന്നെ മനസ്സ് താണുകൊണ്ടിരിക്കുമ്പോൾ തറകൾ ഉണ്ടായാൽ താഴോട്ടുള്ള ഗതിക്കും ആക്കം കൂടും. അതുകൊണ്ടാണ് ഇപ്പോൾ ആവശ്യങ്ങളും പ്രശ്നങ്ങളും കൈകാര്യം ചെയ്യുവാൻ തുടങ്ങരുതെന്ന് ദർശനം നിർദ്ദേശിക്കുന്നത്. അമ്പലപ്പുഴയിൽ എന്തു സാധിച്ചു എന്നറിയുവാൻ പലർക്കും താല്പര്യമുണ്ട്. കുട്ടികളുടെ എല്ലാം വിവാഹം നടന്നുവോ? എല്ലാവർക്കും തൊഴിലായോ, മദ്യപാനം നിറുത്തിയോ, പട്ടിണി മാറിയോ, റോഡുകൾ ശരിയായോ വരുമാനം വർദ്ധിച്ചുവോ ഇത്തരത്തിലാണ് അന്വേഷണം. ഇതെല്ലാം സാധിച്ചാലും സമൂഹജീവിതം സാധിച്ചുവെന്നു പറയാനാവില്ല. സമൂഹ ജീവിതത്തിന്നടിസ്ഥാനമായി ഒരു ഭാവന വളർന്നു വരേണ്ടതുണ്ട്. അന്യോന്യഭാവന. മറ്റുള്ളവരെപ്പറ്റി ഉദാരമായ ഒരു കാഴ്ചപ്പാട് ഉണ്ടാവണം. എന്റെ അമ്മയെ ഞാൻ അമ്മേ എന്നു വിളിക്കുന്നു. അമ്മയ്ക്കുവേണ്ടത് അന്വേഷിക്കുകയും ചെയ്യുന്നു. ഇതുകൊണ്ട് അമ്മയുടെ നേരെയുള്ള ഭാവന ശരിയാകണമെന്നില്ല. അത് പ്രത്യേക പരിശ്രമംവേണ്ട കാര്യമാണ്. അമ്മയിലായിരുന്നു ഞാൻ. ആ മുലപ്പാലു നുകർന്നാണ് ഞാൻ വളർന്നത്. ആ കൈകളാണ് എന്നെ താലോലിച്ചത്. വർഷങ്ങൾ എന്നെ സദാ അമ്മ ശ്രദ്ധിച്ചിരുന്നു. എന്നെ ശുശ്രൂഷിച്ചിരുന്നു. അമ്മയുടെ പ്രതീക്ഷയാണ് ഞാൻ. ഈ ലോകത്ത് അമ്മയെ ശ്രദ്ധിക്കാൻ പ്രകൃതിതന്നെ എന്നെ ഒരുക്കിയിരിക്കുന്നു. ഞാൻ കടുത്ത വാക്കു പറയാമോ? അമ്മയുടെ പ്രകൃതം മാറിയാൽ സഹകരിക്കാം എന്നു വിചാരിക്കാമോ? അമ്മയുടെ പ്രകൃതങ്ങളോടുകൂടി

അമ്മയെ അംഗീകരിച്ച് ചേർന്നു നില്കുകയല്ലേ ഞാൻ വേണ്ടത്? ഇങ്ങനെ ചിന്തിച്ച് മനസ്സിനെ അമ്മയുടെ നേരെ വികാരാർദ്രമാക്കണം; മറ്റുള്ളവരുടെ നേരെയും.

മനസ്സിന് പടരാൻ രക്തബന്ധം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരുപക്ഷേ വേണമെങ്കിൽ പ്രകൃതി ആകെ രക്തബന്ധത്തിൽ ഉണ്ടായിട്ടുള്ളതാണെന്ന സത്യം ഉണ്ട്. രക്തബന്ധമില്ലാത്ത ഒരു വ്യക്തിയും ഭൂമിയിലുണ്ടാവില്ലെന്ന് ഉത്ഭവ ചരിത്രം നോക്കാൻ കഴിഞ്ഞാൽ ആർക്കും മനസ്സിലാകും. ഇന്ന് രക്തബന്ധത്തിലും ശുക്ല ബന്ധത്തിലും ഒന്നും ഭാവനാബന്ധം ഇല്ലാതായിരിക്കുന്നു എന്നതാണ് ദുഃഖകരമായ വസ്തുത. ഓരോരുത്തരും മറ്റോരോരുത്തരെപ്പറ്റിയും വേണ്ടപ്പെട്ടവർ എന്ന നിലയിൽ ഭാവന ചെയ്തുതുടങ്ങുന്നതിലൂടെ നമ്മുടെ ബന്ധങ്ങളെ എല്ലാം പശപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ പശപ്പെടുത്തൽ സാധിച്ചാൽ തെരഞ്ഞെടുപ്പിനും, വിശ്വാസവ്യത്യാസ ങ്ങൾക്കും, ഭാഷാഭേദങ്ങൾക്കും പ്രാദേശികതകൾക്കും വംശാഭിമാന ത്തിനും ഒന്നിനും മനുഷ്യരെ ഭിന്നിപ്പിക്കാനാവാതെ വരും. അയൽ ക്കാരെപ്പറ്റി ഭാവന ചെയ്ത് മനസ്സിൽ ആർദ്രത ഉണ്ടാക്കാതെ ബാഹ്യ മായി തറക്കൂട്ടങ്ങൾ ഉണ്ടാവുന്നത്, ചാന്തുവയ്കാതെ ഇഷ്ടിക അടുക്കി വീടുണ്ടാക്കി അതിൽ താമസിക്കുന്നതുപോലെ എളുപ്പവും അതേ സമയം അപകടവും ആണ്.

തറക്കൂട്ടത്തിൽപ്പെടാൻ തോന്നാത്ത വീടുകളെ നിർബന്ധിക്കു ന്നത്, ആർദ്രത ഉണ്ടാവാൻ തടസ്സമാകുകയേ ഉള്ളൂ. പ്രേരിപ്പിക്കാം, വിട്ടുനില്കാൻ സ്വാതന്ത്ര്യം നൽകിക്കൊണ്ട് പ്രേരിപ്പിക്കാം. ഒരു വീട്ടിലേക്ക് വരാൻ മാനസികമായി ബുദ്ധിമുട്ടുള്ളവരെ ഒരു സാമൂഹ്യ ശക്തി നിർബന്ധിച്ച് വീട്ടിലേക്ക് കൊണ്ടുവരുന്നതെന്തിന്? അവർക്ക വസരം കൊടുക്കണം. അമ്പലപ്പുഴയിൽ 25 തറകളും ഭംഗിയായി കൂടുന്നു എന്നു വരുത്തിയിട്ടു നമുക്കൊന്നും സാധിക്കാനില്ല. കൂടാൻ തോന്നാത്തവർ കൂടാതിരിക്കട്ടെ. തോന്നുമ്പോൾ കൂടാൻ കഴിയത്ത ക്കവണ്ണമായിരിക്കണം കൂടുന്നവർ കൂടാത്തവരോടു സ്വീകരിക്കുന്ന സമീപനം. ഒരിക്കലും കൂടാത്തവരെ കൂടുന്നവർ തള്ളിപ്പറയരുത്. അവരോട് നിസ്സഹകരിക്കയും അരുത്. അതുപോലെ പ്രവർത്തിക്കാൻ താല്പര്യമില്ലാത്തവർ പ്രവർത്തകരാകരുത്. താല്പര്യം തോന്നി മുന്നോട്ടുവരുന്നവർക്ക് താല്പര്യമില്ലാതായാൽ വിട്ടുപോകുവാനും വീണ്ടും താല്പര്യം ഉണ്ടായാൽ പങ്കുചേരുവാനും കഴിയത്തക്കവണ്ണം അയഞ്ഞ സമീപനമാണു നമുക്കു വേണ്ടത്. ഒരു വീട്ടിൽ തറക്കൂട്ടം

കൂടുവാൻ തടസ്സമുണ്ടെങ്കിൽ നിർബന്ധിക്കരുത്. അവരുടെ തടസ്സം മനസ്സിലാക്കി തീർക്കാൻ ശ്രമിക്കാം. എപ്പോഴും നാം ശ്രദ്ധിക്കേണ്ടത് മനസ്സിലേയ്ക്കാണ്. മനസ്സ് അനുകൂലമായാൽ കർമ്മം എളുപ്പമാകും. വീടുകളിലേയ്ക്ക് വിളിക്കും, വീടുകളിൽ വരും. മനസ്സിന്റെ സാന്നിദ്ധ്യം കൂടാത്ത ദേഹസാന്നിദ്ധ്യം സംഘർഷവും രോഗവും ഉണ്ടാക്കും. മനസ്സ് കൂടുതൽ കടുക്കുകയേ ഉള്ളൂ.

അതുപോലെതന്നെ ഒരു പ്രശ്നവും പരിഹരിക്കാൻ ഇപ്പോൾ ശ്രമിക്കരുത്. കൂട്ടങ്ങളിൽ ആരും സ്വന്തം പ്രശ്നം അവതരിപ്പിക്കരുത്. ആവശ്യങ്ങൾ ഒന്നും അതിലൂടെ നേടാം എന്നിപ്പോൾ കരുതരുത്. ഒരു തറയിലെ എല്ലാവീടും കൂടിയാലും അവിടെ തറക്കൂട്ടം ഉണ്ടായി എന്നു കരുതിക്കൂടാ. തമ്മിൽതമ്മിൽ ഭാവന ഉണ്ടാവാൻ തുടങ്ങിയോ എന്നതുതന്നെയാണ് മുഖ്യം. അതിസൂഷ്മമാണ് ഈ ഭാവനയുടെ പ്രവർത്തനം. നിസ്സാരകാരണങ്ങളാൽ ഈ ഭാവനയുടെ നാമ്പ് ഒടിഞ്ഞുപോകും. ദയവായി നമുക്ക് പരസ്പരം കുറ്റപ്പെടുത്താതിരിക്കാം. കുറ്റം കേട്ടാൽ അത് ചെവിയിൽ നിന്ന് വായിലേക്ക് വരാതെ വിവേകത്തിൽ വെച്ചു ചുട്ടുകളയൂ. വായിലേക്കുവന്നാൽ അതു കൂടുതൽ ആടയാഭരണങ്ങൾ അണിഞ്ഞ് മറ്റൊരു കാതിലേക്ക് കുതിക്കാൻ ശ്രമിക്കും. പലതും വായ് കൂട്ടിച്ചേർത്തുപോകും. രസകരമായ ഒരു വിനോദമാണ് കുറ്റം കേട്ട് അത് കേൾക്കാൻ കൊതിക്കുന്നവരിലേക്ക് പകർന്നു കൊടുക്കൽ. ബന്ധങ്ങളെ മുറിക്കുന്നതിൽ രസം കണ്ടെത്തുന്ന ഒരേർപ്പാടാണിത്. പുതിയ സമൂഹജീവിതം ആവശ്യമെന്നുള്ളവർ കുറ്റം പ്രചരിപ്പിക്കുന്നതിൽ കണ്ണിചേരരുത്. നമ്മുടെ യോഗങ്ങളിൽ ആരോപണങ്ങൾ ഇപ്പോൾ വിഷയമാക്കരുത്.

ഇവിടെ ഒരു ചോദ്യം വരാം. വ്യക്തികളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ഉന്നിയിക്കാനും ചർച്ച ചെയ്യുവാനും ഉപകരിക്കുന്നില്ലെങ്കിൽ എന്തിനീ കൂട്ടങ്ങൾ ? ചോദ്യം ശരിയാണ്. പൂക്കുന്നതിനും കായ്ക്കുന്നതിനും മുൻപ് ഏതൊരു ചെടിക്കും വളർച്ചയുടേതായ ഘട്ടമുണ്ട്. ഇതൊരു ജൈവനിയമമാണ്. നമ്മുടെ തറക്കൂട്ടങ്ങൾ പ്രകൃതിയുടെ ജീവൽ വികാസ പ്രക്രിയയോട് ചേർന്നു നീങ്ങണം. എങ്കിലേ പുരോഗതി ശരിയാവൂ. നമുക്കിപ്പോൾ ഇതു വളർത്താം. എല്ലാവീടുകളും ഒന്നിച്ചു കൂടട്ടെ. കുറെ സമയം ഒന്നിച്ചിരിക്കട്ടെ. ഇതിന്റെ ആവശ്യത്തെപ്പറ്റിത്തന്നെ സംസാരിക്കട്ടെ. നല്ല അനുഭവങ്ങൾ കൈമാറട്ടെ. വളർന്നു വന്ന് ഒരു ഘട്ടത്തിൽ ഇത് എല്ലാവർക്കും

തണലായിക്കൊള്ളും. അന്ന് തനിയെ പൂക്കും കായ്ക്കും. ഇപ്പോൾ ഇതിൽ പൂവും കായും വച്ചുകെട്ടാൻ ശ്രമിക്കരുത്. കൃത്രിമ സാദ്ധ്യതകൾ എല്ലാം അപകടകരമാണ്. മറ്റനേകം രംഗങ്ങളിൽ ഉടനടി സാദ്ധ്യതയുടെ വാതിലുകൾ തുറന്നിട്ടിട്ടുണ്ട്. വേണ്ടവർക്ക് അവ ഉപയോഗപ്പെടുത്താം. ഇത് പുതിയ ഒരു പരീക്ഷണമാണ്. ഇതിന്റെ വളർച്ചയിലെ സ്വാഭാവിക പരിണാമമാകണം ഫലങ്ങൾ. നാം ഇപ്പോൾ വളർത്താൻ മാത്രം ശ്രമിക്കുക. ഓരോ വ്യക്തിയും വളർന്ന് നാടു നിറയണം. അപ്പോൾ നാടുപൂക്കാൻ തുടങ്ങും. ഇന്ന് അവനവനിൽ കുരുങ്ങിക്കിടക്കുന്ന ഭാവന കുടുംബത്തിൽ നിറഞ്ഞു കവിഞ്ഞ് അയൽക്കാരിലൂടെ നാട്ടിലാകെ പടരണം. പിന്നീട് പൂക്കലും പടരലും ഒന്നിച്ചു സംഭവിച്ചുകൊണ്ടേയിരിക്കും. പ്രവർത്തനം തുടരുക. അതു മാത്രമാണ് ചെയ്യേണ്ടത്. ആവാത്തതൊന്നും ആരും ചെയ്ത് മനസ്സ് മടുപ്പിക്കരുത്. ഒരു വീട്ടിൽ കയറി ക്ഷണിക്കാൻ മാനസിക പ്രയാസമുള്ളവർ അവിടം തല്കാലം വിടൂ; മറ്റൊരാൾ ക്ഷണിക്കട്ടെ. ആർക്കും ഏതു വീട്ടിലും ആവശ്യമുള്ളപ്പോൾ സഹകരിക്കാം എന്നൊരവസ്ഥ വരുന്നതുവരെ ഇന്നുള്ള മാനസിക ബുദ്ധിമുട്ടുകൾ നാം പരസ്പരം മനസ്സിലാക്കണം. എന്റെ വീട്ടിൽ അദ്ദേഹം വിളിച്ചില്ല; മറ്റെല്ലായിടത്തും കയറിപ്പറഞ്ഞു; എന്നെ ഒഴിവാക്കുകയായിരുന്നു; എന്നു കരുതാതെ എന്തോ കാരണം കാണും എന്നു കരുതണം. ആ കാരണം സാവധാനം മനസ്സിലാക്കണം. തിരുത്താനും ശ്രമിക്കണം. മറ്റൊരാൾക്ക് വേദനയോ, അപമാനമോ, അകൽച്ചയോ ഉണ്ടാക്കുന്ന തരം സത്യം പറയാതിരിക്കണം. ആ സത്യം വളരെ നല്ല സമീപനസമ്പ്രദായം സ്വീകരിച്ച് പ്രയോജനപ്രദമായ രീതിയിൽ പിന്നീട് ആവിഷ്കരിക്കാം. ഉടനെ ധൈര്യം കാട്ടാൻ ആരും ശ്രമിക്കരുത്. ധൈര്യത്തേക്കാൾ ആവശ്യം വിവേകമാണ്. വിവേകം കൂടാത്ത ധീരത പലപ്പോഴും ദോഷം ചെയ്യും. അതുപോലെ കൂട്ടത്തിൽ ചേർന്നുനില്ക്കാനല്ലാതെ മുഴച്ചു നില്കാൻ മനസ്സിനുള്ള വാസന നിയന്ത്രിച്ചു കൊണ്ടുവരണം. നമുക്ക് ലയമാണ് ഇനി ആവശ്യം. വ്യക്തികൾ പരസ്പരം ലയിച്ചു ചേർന്നാലേ സമൂഹമാകൂ. മുഴച്ചു നിന്നാൽ വെറും ആൾക്കൂട്ടമാകുകയേ ഉള്ളൂ. അതാണിന്നു കാണുന്നത്. ഈ അവസ്ഥയിൽ നിന്നുള്ള മോചനമാകണം നമ്മുടെ കൂട്ടങ്ങൾ. ഓരോരുത്തരും എല്ലാവരെപ്പറ്റിയും ചിന്തിച്ച് വികാരവാൻ മാരായി കർമ്മരംഗത്ത് വരുമ്പോഴാണ് നവസമൂഹരചന സംഭവിക്കുന്നത്. അതിന് നമുക്ക് ഭാവന ചെയ്തു തുടങ്ങാം. ഇപ്പോൾ പരിച യപ്പെടാം. അറിവുകൾ കൈമാറാം, ഒന്നിച്ചിരിക്കാം. ബന്ധപ്പെടുത്തുന്ന വിഷയ

ങ്ങൾ നമുക്ക് സംസാരത്തിൽ വരുത്താം. ചെയ്യാവുന്നതു ചെയ്യുകയുമാകാം. വ്യക്തിയുടെ മനോവികാസത്തിനനുസരിച്ച് കർമ്മങ്ങൾ വരണം. പിന്നീട് മടിച്ചു നിന്നാൽ കർമ്മവും മുരടിച്ചു പോകും. അയൽവക്കത്ത് കെട്ടിടം പണി. നാം ബന്ധപ്പെടാറുള്ള വീടാണ്. അവിടെ കയറി കുശലം അന്വേഷിക്കണം. പാരയോ, തൂമ്പയോ, ചട്ടിയോ വീട്ടിലുണ്ടെങ്കിൽ അവ ഉപയോഗിക്കാമെന്നു പറയണം. ഇതിന് തറക്കൂട്ടം ഉണ്ടായി തീരുമാനമെടുക്കാൻ കാത്തിരു ന്നുകൂടാ. യഥാർത്ഥത്തിൽ പ്രവർത്തനം വ്യക്തികളിൽ നിന്നുതന്നെ തുടങ്ങണം. സംവിധാനങ്ങളെ കാത്തിരിക്കേണ്ട. മനസ്സിന്റെ തലം ഭാവനകൊണ്ട് ഉയർത്തി കർമ്മോന്മുഖമാക്കാൻ ഏറ്റവും ഉതകുന്ന സംവിധാനങ്ങളെന്ന നിലയിലാണ് തറക്കൂട്ടങ്ങളും അയൽക്കൂട്ട ങ്ങളും ഗ്രാമക്കൂട്ടവും നാം ഉണ്ടാക്കുന്നത്. നാട്ടിലാകെ ആബാല വൃദ്ധം സ്ത്രീപുരഷന്മാരിലും മാനസിക നിലയിൽ ഒരുയർച്ച സംഭവിച്ചേതീരൂ. ഒരു വ്യക്തിയും പിൻതള്ളപ്പെടാതെ ഓരോരുത്തരും എല്ലാവരേയും സ്വന്തമാക്കാൻ ശ്രമിക്കുമ്പോൾ പുത്തൻ സമൂഹമുണ്ടാകും. മാനസികതലം ആകെ ഉയരും. ഈ ഉയർച്ചയ്ക്ക് പരിധി ഒന്നും ഇല്ല. ഈ കയറ്റത്തിലേക്കുള്ള ഒരു ചുവടുവയ്പാണ് തറക്കൂട്ടം. പൂർണ്ണ മനസ്സോടെ, തറക്കൂട്ടങ്ങളിലും അയൽക്കൂട്ടങ്ങ ളിലും ഗ്രാമക്കൂട്ടത്തിലും ഒത്തുചേരാൻ എല്ലാ വീടുകൾക്കും കഴിഞ്ഞാൽ അമ്പലപ്പുഴ അത്ഭുതകരമായ പരിവർത്തനങ്ങളുടെ വറ്റാത്ത ഉറവയായിത്തീരും.

## കൊച്ചു വർത്തമാനം

**1. അച്ഛാ കുഞ്ഞിന്റെ പനി എന്താ മാറാത്തത്?**

ആരാധ്യയ്ക്ക് മൂന്നു മാസം പ്രായമായപ്പോൾ ഒരു പനി വന്നു. ഹോമിയോ മരുന്ന് കൊടുത്തു. തുണി നനച്ച് വയറും തലയും പൊതിഞ്ഞു. മുലപ്പാലും കരിക്കിൻ വെള്ളവും ഇടയ്ക്കിടയ്ക്ക് കൊടുത്തുകൊണ്ടിരുന്നു. നല്ല ചൂടുണ്ട്. ഇടയ്ക്ക് ഞെട്ടി കരയാനും തുടങ്ങി. കോട്ടു വരുമോ എന്ന് ഭയന്ന് (ഫിറ്റ്സ്/ജന്നി) ചൂടു കുറയുവാനായി ഒരു എനിമ കൊടുത്തു. നല്ലതു പോലെ ശോധനയുണ്ടായപ്പോൾ ഞെട്ടൽ മാറി. ചൂട് ശരിക്ക് കുറഞ്ഞില്ല. രണ്ടു ദിവസം കൂടി നോക്കിയിട്ടും പനി മാറിയില്ല. മകൾ കൃഷ്ണ ചോദിച്ചു - അച്ഛാ പനി എന്താ മാറാത്തത്?

ഇതിന്റെ ഉത്തരം പറയണമെങ്കിൽ പനി എന്താ വന്നത് എന്നറിയണം. അമ്മയിലൂടെയാണ് കുഞ്ഞിന്റെ ഭക്ഷണം. ഇന്നത്തെക്കാ

ലത്ത് അമ്മയുടെ ഭക്ഷണത്തിൽ വിഷമാലിന്യങ്ങളും ഉണ്ടാകുക സ്വാഭാവികമാണ്. കൂടാതെ ഗർഭകാലത്തും പ്രസവമോ സിസേറിയനോ വേണ്ടിവരുമ്പോൾ ഉപയോഗിക്കുന്ന രാസ ഔഷധങ്ങളും കുറേ മുലപ്പാലിൽ കലരുന്നു. കുട്ടിയുടെ രക്ഷയ്ക്കായി ഇതെല്ലാം കരൾ വലിച്ചെടുത്ത് സൂക്ഷിക്കും. കരളിന് താങ്ങാവുന്നതിലേറെ മലിനീകരണം സംഭവിക്കുമ്പോൾ അത് രക്തത്തിലേയ്ക്ക് കടത്തിവിട്ട് നിർവ്വീര്യമാക്കാനായി നമ്മുടെ സ്വാഭാവികമായ ചൂട് വർദ്ധിപ്പിക്കുന്നു. മാലിന്യങ്ങളുടെ സ്വഭാവമനുസരിച്ചുള്ള അണുക്കളും ഇവിടെ കടന്നു വരും. രോഗാതുരമായ ദേഹത്തിലാണ് അണുക്കൾ ഭൂജാതരാകുന്നത്. രോഗശമനത്തോടെ അവ അപ്രത്യക്ഷമാകും. ഉയർന്ന ചൂടിൽ ശരീര മാലിന്യങ്ങൾ നിർവ്വീര്യമായി കഴിഞ്ഞാൽ പ്രാണശക്തി തീ കെടുത്തുന്നു. പനി താനെ വിട്ടുമാറുന്നു. പിന്നെ പനിയുടെ ശേഷിപ്പുകളൊന്നും കൂടാതെ ആരോഗ്യം വീണ്ടെടുക്കുന്നു. മൂന്നാം ദിവസം ആരാധ്യയുടെ പനി മാറി കളിയും ചിരിയും തുടങ്ങി. മോളോടു പറഞ്ഞു - ഇനിയൊരു വർഷത്തേയ്ക്ക് കുഞ്ഞിന് അസുഖമൊന്നും വരില്ല. ആഹാരം ശ്രദ്ധിച്ചാൽ മതി. ഈ പനിയിലൂടെ ശരീരത്തിൽ ഒരു ഫുൾ സർവ്വീസിംഗ് കഴിഞ്ഞിരിക്കുന്നു. ഈ രോഗശമനം ആരോഗ്യത്തിലേയ്ക്കുള്ള ഗമനമാണ്. മകളുടെ ചോദ്യത്തിന് ഉത്തരം കൊടുത്തെങ്കിലും പനിയെക്കുറിച്ചും മനുഷ്യന്റെ ദുരിതങ്ങളുടെ കാരണത്തെകുറിച്ചും ഒന്നെത്തി നോക്കുകയാണിവിടെ. രണ്ടും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.

ശരീരമനസ്സുകളിൽ കുന്നു കൂടുന്ന മാലിന്യങ്ങളല്ലാതെ മനുഷ്യന്റെ രോഗങ്ങൾക്കും പ്രാരബ്ദങ്ങൾക്കും മറ്റെന്തു കാരണമാണുള്ളത്? വേണ്ടതും വേണ്ടാത്തതും തിരിച്ചറിയാതെ നാവിന്റെ രുചി നോക്കി കിട്ടുന്നതെല്ലാം കഴിക്കുകയും ഇതെല്ലാം നമുക്കു വേണ്ടിയാണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ ഈ മനുഷ്യരെല്ലാം നമുക്കു വേണ്ടിയാണെന്ന് രോഗങ്ങളും കരുതും. ആശുപത്രികളും രോഗങ്ങളും വളരും. നമ്മുടെ ഇപ്പോഴത്തെ രക്ഷാമാർഗ്ഗങ്ങളിലൂടെ ആരോഗ്യനില മെച്ചപ്പെടുന്നുണ്ടോ? പേരുകൾ മാറുന്നതല്ലാതെ രോഗങ്ങൾ കുറയുന്നതായി തോന്നുന്നുവോ? അടുത്ത പനിയുടെ പേരും താമസിയാതെ പുറത്തു വരും. ഒന്നല്ലെങ്കിൽ മറ്റൊരു പേരിൽ ലോകത്തിൽ രോഗാതുരത കൂടി കൊണ്ടിരിക്കുന്നു എന്ന വിശ്വവ്യാപകമായ സത്യം മൂടി വെയ്ക്കാൻ സാധ്യമല്ലാത്ത

രീതിയിൽ ഇന്ന് കാൻസറും ഹൃദ്രോഗങ്ങളും കൊണ്ട് ജനം പൊറുതി മുട്ടുന്നു. വൃക്ക രോഗങ്ങളും ധാരാളം പേർക്ക് പിടിപെടുന്നു. ചെറിയ രോഗങ്ങളെ അമർച്ച ചെയ്യുമ്പോൾ വലിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. ആന്റീബയോട്ടിക്കുകൾ പകച്ചു നിൽക്കുന്നു. അണുക്കൾ പുതിയ രൂപഭാവങ്ങൾ തേടുന്നു. അങ്ങനെ ‘‘പനി നിപയാകുന്നു’’. വഴി മാറെടാ മുണ്ടയ്ക്കൽ ശേഖരാ എന്ന് പറയേണ്ടി വരും.

ദക്ഷിണാഫ്രിക്കയിൽ പ്ലേഗ് പടർന്നു പിടിച്ച് ജനം മരിച്ചു വീണപ്പോൾ ഒരാശുപത്രിയിൽ ഡോക്ടറുടെ അനുവാദത്തോടെ മഹാത്മജി മൂന്നുപേരിൽ പ്രകൃതി ചികിത്സ പരീക്ഷിച്ചു നോക്കി. അവരിൽ രണ്ടുപേർ രക്ഷപ്രാപിച്ചു. അലോപ്പതി ചികിത്സ തേടിയ ഇരുപത് പേരും മരിച്ചു പോയി. കരിം പ്ലേഗ് എന്ന മാരക ഇനം പ്ലേഗാണ് അവിടെ പൊട്ടിപ്പുറപ്പെട്ടത്. ഔഷധങ്ങൾക്ക് അത് തടയാനായില്ലെങ്കിലും ഔഷധരഹിതനായി ഗാന്ധി പ്ലേഗിനെ വിജയകരമായി നേരിട്ടു. ഇതൊന്നും കാണാതിരുന്നുകൂടാ. ഗാന്ധിജി ബ്രിട്ടീഷുകാർക്കെതിരെയോ അണുക്കൾക്കെതിരെയോ യുദ്ധം ചെയ്തില്ല. ഭാരതീയരുടെ അനൈക്യവും ദുർബലതയുമായിരുന്നു ബ്രിട്ടൻ ഇന്ത്യ കീഴടക്കാനുള്ള കാരണം. ഭാരതം ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉണർന്നെണീറ്റപ്പോൾ അവർക്ക് രാജ്യം വിടേണ്ടി വന്നു. പ്രകൃതി ജീവന മാർഗ്ഗങ്ങളായ ഉവപാസം കൊണ്ടും ചൂടു കുറയ്ക്കാൻ തുണി നനച്ചിട്ടും ഗാന്ധിജി ആരോഗ്യ പുനഃസ്ഥാപനത്തിലൂടെ ഗുരുതരമായ രോഗങ്ങളെ അതിജീവിച്ചു. മകന് ടൈഫോയിഡ് വന്നപ്പോൾ ഡോക്ടറുടെ നിർദ്ദേശങ്ങൾ സ്നേഹപൂർവ്വം തള്ളിക്കൊണ്ട് ജലപ്രയോഗം കൊണ്ടും പഴച്ചാറുകൾ നൽകിക്കൊണ്ടും രോഗശമനം വരുത്തി. ഇന്നീ ലോകത്ത് നിരവധിയായി പേരിട്ടിരിക്കുന്ന പനികളും ഇനിയിടാൻ പോകുന്ന പനികളും ആധുനിക വൈദ്യശാസ്ത്രം അതിന്റേതായ മാർഗ്ഗത്തിൽ കൈകാര്യം ചെയ്യട്ടെ. എന്നാൽ ഇതിലൊന്നും അത്ര താത്പര്യമില്ലാത്ത മറ്റു ചികിത്സാപദ്ധതികളിൽ വിശ്വസിച്ച് ആശുപത്രികളിലേയ്ക്കൊന്നും പോകാതെ ആരോഗ്യത്തോടെ ജീവിക്കുന്ന അനേകായിരം പേരുണ്ടിവിടെ. അണുക്കളല്ല രോഗകാരണം. തെറ്റായ ജീവതശൈലികൊണ്ട് ദുർബലമായ പ്രാണശക്തിയാണ് രോഗകാരണം എന്നാണ് ഡോ.സാമുവൽ ഹനിമാന്റെ കണ്ടുപിടുത്തം. ആരോഗ്യ പുനസ്ഥാപനത്തിലൂടെ രോഗം വിട്ടുമാറുന്നു. ശാസ്ത്രീയതയുടെ പേരിൽ അവരുടെ അനു

ഭവങ്ങൾ തള്ളിക്കളയുന്നതും സത്യത്തെ കുഴിച്ചു മൂടുന്നതും ഒന്നു തന്നെ. ബഹുസ്വരത പറയാനുള്ളതല്ല പ്രവൃത്തിയിൽ കൊണ്ടു വരാനുള്ളതാണ്.

പ്രകൃതി അതിന്റെ സന്തതികളുടെ നിലനിൽപ്പിനായി സദാ നൽകിക്കൊണ്ടേയിരിക്കുകയാണ്. ഭൂമിയും അന്നവും ജലവും വായുവും നൽകിക്കൊണ്ട് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. വൃക്ഷലതാദികളും പക്ഷിമൃഗാദികളും നിലനിൽക്കുന്നതു കൊണ്ടാണ് മനുഷ്യൻ ഇവിടെ ജീവിക്കുന്നത് അവയില്ലെങ്കിൽ മനുഷ്യനില്ല. നാം പരസ്പരം കൈകോർത്ത് ജീവിക്കണം. സസ്യങ്ങളും ജീവജാലങ്ങളും തമ്മിൽ ഈ കൊടുക്കൽ വാങ്ങൽ പ്രക്രിയ നടന്നു കൊണ്ടിരിക്കുന്നു. എന്നാൽ മനുഷ്യൻ മാത്രമാണ് പ്രകൃതി വിഭവങ്ങൾ എടുക്കുന്നതിൽ ആർത്തി കാണിക്കുകയും കൊടുക്കുന്നതിൽ പിശുക്കു കാണിക്കുകയും ചെയ്തുകൊണ്ട് പ്രപഞ്ചതാളം തെറ്റിക്കുന്നത്. പരസ്പര സേവനം കൂടാതെ പരസ്പരാനന്ദം ലഭിക്കുകയില്ല. സേവനത്തിനായി പ്രകൃതി നമുക്ക് അവസരങ്ങൾ നൽകിക്കൊണ്ടേയിരിക്കുന്നു. നമ്മുടെ ജീവിത വിജയത്തിന് അത് പ്രയോജനപ്പെടുത്തുക. ചിന്തകൾ നന്മകൾ കൊണ്ട് നല്ല സ്വപ്നങ്ങൾ കൊണ്ട് നിറയണം. നമ്മുടെ ഉള്ളിൽ നിന്നും സ്നേഹത്തിന്റെ ഉറവ പൊട്ടിപ്പുറപ്പെടാൻ നാം അനുവദിക്കണം. നമ്മുടെ മനോ മാലിന്യങ്ങളായ അഹങ്കാരവും വെറുപ്പും വിദ്വേഷവുമെല്ലാം ഈ സ്നേഹപ്രവാഹത്തിൽ ഒലിച്ചു പോകും. മനസ്സ് ശുദ്ധമായാലേ നമ്മൾ ആരെന്നും നമ്മുടെ കടമകൾ എന്തെന്നും തിരിച്ചറിയാനാകൂ. അല്ലെങ്കിൽ സ്വാർത്ഥത കൊണ്ട് അന്ധത ബാധിച്ച മനസ്സ് സർവ്വാബദ്ധങ്ങളായ തീരുമാനങ്ങളെടുപ്പിച്ച് നമ്മെ അബദ്ധത്തിൽ ചാടിക്കും. പിന്നെ അവിടെക്കിടന്ന് നീന്തിയാലൊന്നും എളുപ്പം കരകയറാനാവില്ല.

നല്ലതു പോലെ പഠിച്ച് നല്ലവനായി വളർന്ന് നല്ല ജോലി നേടിയ ഒരു മിത്രത്തെ പൊട്ടിക്കരയുന്ന ഒരു അവസ്ഥയിൽ എനിക്ക് കാണേണ്ടി വന്നു. കുടുംബ വസ്തുക്കൾ ഭാഗം വെച്ച സമയം അച്ഛനുമായി ഒരു അഭിപ്രായ വ്യത്യാസമുണ്ടായി. മാതാപിതാക്കൾക്ക് എല്ലാ മക്കളും ഒരുപോലെയെങ്കിലും താണനിലത്തിലേയ്ക്കേ ജലം ഒഴുകൂ അതാണ് പ്രശ്നമായത്. മകന്റെ ശുണ്ഠി മാറ്റുവാനായി അച്ഛന് കഴിയാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം മകനുമായി ഞാൻ ബന്ധപ്പെട്ടു. എന്റെ വാക്കുകൾ

കേട്ടതല്ലാതെ അദ്ദേഹം പ്രതികരിച്ചില്ല. സ്വന്തം നിലപാടിൽ ഉറച്ചു നിന്നു. ഞാൻ പരാജയപ്പെട്ടു. കാലം അൽപ്പം കടന്നു പോയി. ഇതിനിടയിൽ ഹൃദയാഘാതത്താൽ പാവം അച്ഛൻ വിട പറഞ്ഞു. കുടുംബം കണ്ണീരിൽ മുങ്ങി. ഞാനവിടെ ചെല്ലുമ്പോൾ ഒരു കാഴ്ച കണ്ടു. അച്ഛന്റെ മുറിയിലിരുന്ന് അച്ഛന്റെ പുതപ്പും കെട്ടിപ്പിടിച്ചു കൊണ്ട് മകൻ പൊട്ടിക്കരയുകയാണ്. ഇനി കരഞ്ഞിട്ടും ബലിയിട്ടിട്ടും എന്തു കാര്യം? എങ്കിലും സമാധാനിപ്പിച്ചു. മകന് സംഭവിച്ച മാനസികാഘാതത്തിൽ നിന്നും ഇപ്പോഴും മോചനം കിട്ടിയിട്ടില്ല. സ്വന്തം പുണ്യമല്ലാതെ ഭാഗം വെച്ച വസ്തുക്കളൊന്നും അച്ഛൻ കൊണ്ടു പോയില്ല. വല്ലതും കൊണ്ടു പോകണമെങ്കിൽ നേരത്തേ കരുതുക.

***ശ്രദ്ധ വേണം***

എല്ലാ സ്വഭാവഗുണങ്ങളിലും മേലെയാണ് ശ്രദ്ധ. പ്രകൃതി തരുന്ന അവസരങ്ങൾ നിസ്സാരമായി കാണരുത്. ആരെങ്കിലും ഒരു സഹായം ആവശ്യപ്പെടുമ്പോൾ മംഗളദൃഷ്ടിയോടെ കഴിയുന്നതും അത് ചെയ്തു കൊടുക്കുക. കുഴിയിൽ വീണവനെ ഉയർത്തുന്നത് അവനുവേണ്ടി മാത്രമല്ല നമ്മളും കുഴിയിൽ വീഴാതിരിക്കുവാനാണ്. നമ്മുടെ മനസ്സിൽ അപാരമായ ആത്മശക്തി കുടി കൊള്ളുന്നുണ്ട്. അതിന്റെ ഉറവ പൊട്ടിക്കുവാൻ ശ്രദ്ധയും സേവനവും അത്യാവശ്യമാണ്. ശരിയായ ഉപദേശങ്ങൾ കിട്ടിയാൽ അത് സ്വീകരിക്കണം അനുസരിക്കണം. ഹോമിയോ കോളേജിൽ നിന്നും പഠിച്ചു വന്ന് പ്രാക്ടീസ് ചെയ്യുന്ന കാലത്ത് മെഡിക്കൽ ഓഫീസർ പോസ്റ്റിലേയ്ക്ക് പി.എസ്.സി അപേക്ഷ ക്ഷണിച്ചു. ടെസ്റ്റെഴുതി ജയിച്ചു. ആദ്യം ഇന്റർവ്യൂ കഴിഞ്ഞ ബാച്ചിലെ ജോസഫിനെ ആലപ്പുഴയിൽ വെച്ച് കാണാനിടയായി. ഇന്റർവ്യൂവിന്റെ രീതികളും ചില നിർദ്ദേശങ്ങളും പറഞ്ഞു തന്നു. പ്രമേഹത്തിന്റെ കോംപ്ലിക്കേഷൻസിനെക്കുറിച്ച് ജോസഫിനോട് ചോദിച്ചെന്നും അത് പഠിച്ചോളണമെന്ന് എന്നോടും പറഞ്ഞു. അത് അവനോട് ചോദിച്ചതല്ലേ ഇനി എന്നോട് ചോദിക്കില്ല എന്ന് ഞാനും കരുതി ശ്രദ്ധിച്ചില്ല. ഇന്റർവ്യൂവിന് അതു തന്നെ എന്നോട് ചോദിച്ചു. ഞാൻ വിഷമിച്ചു പോയി. അത് ഞാൻ പൂർണ്ണമായി പഠിച്ചിരുന്നില്ല. ഒരു അഞ്ച്മിനിറ്റ് ഒന്ന് നോക്കേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ജോലി കിട്ടിയില്ലെന്നും പറഞ്ഞ് ഇരുന്ന് മോങ്ങിയിട്ടെന്തു കാര്യം കർമ്മം തന്നെ വിധിക്ക് കാരണം.

സമാധാനത്തോടും സന്തോഷത്തോടും കൂടി ജീവിക്കണമെന്നാണ് എല്ലാ മനുഷ്യരുടേയും ആഗ്രഹം. അതിനായി ഒരുപാട് കഷ്ടപ്പെടുന്നുമുണ്ട്. എന്നാൽ നമ്മിൽ എത്ര പേർക്ക് അത് സാധിക്കുന്നു എന്നൊരന്വേഷണം നടത്തിയാൽ സ്വത്തുള്ളവർക്കു പോലും സ്വസ്ഥത കുറവാണെന്ന് കാണാൻ കഴിയും. ദുഃഖമാണ് സ്ഥായീഭാവം. സന്തോഷകരമായ ഒരു ജീവിതം നയിക്കുന്നതിന് ശരിയായ ഒരു കാഴ്ചപ്പാട് ഉണ്ടായിരിക്കണം. ധനവാനായ ഒരാളിന് താൻ ധനവാനാണെന്ന് അറിയില്ലെങ്കിൽ ആ ധനം പ്രയോജനപ്പെടുകയില്ല. ചക്രവർത്തിപദം ഉപേക്ഷിച്ച് ഭിക്ഷാപാത്രവുമേന്തി മനുഷ്യഹൃദയങ്ങളിൽ നിന്നും ദുഃഖമകറ്റി ശാന്തിയും സമാധാനവും നിറച്ചു കൊടുത്ത ശ്രീബുദ്ധനോളം ധനവാനായി ഭൂമിയിലാരുണ്ട്? അതേ ഗോത്രത്തിൽപ്പെട്ടവരാണ് നമ്മളും എന്നിട്ടു നമ്മളെന്തേ ഇങ്ങനെ ഭയപ്പെട്ടും ദുഃഖിച്ചും കഴിയേണ്ടി വരുന്നു. നമ്മുടെ മനസ്സിലേയ്ക്ക് നാം തന്നെ സൂക്ഷിച്ചു നോക്കുക. അന്യരുടെ ദുഃഖത്തിൽ സന്തോഷിക്കുന്ന ഭൂമിയിലെ ഏക ജീവിവർഗ്ഗമായി മനുഷ്യൻ അധഃപതിച്ചു കൊണ്ടിരിക്കുന്നു എന്ന് കുറുപ്പു സാർ ചൂണ്ടികാണിച്ചിട്ടുണ്ട്. ആർക്കെന്ത് സംഭവിച്ചാലും സ്വന്തം സുഖം മാത്രം കാംക്ഷിച്ച് അവനവനിലേയ്ക്ക് ചുരുണ്ടു കൂടുന്ന മനസ്സാണ് നമ്മുടെ ശാപം. പരസ്പരാദരവോടു കൂടി ജീവിക്കുകയാണ് രക്ഷാമാർഗ്ഗം. നമ്മുടെ ഉള്ളിൽ മഹത്തായ ആത്മീയ നിക്ഷേപമുണ്ട്. അത് കണ്ടെത്തുവാനായി നമ്മുടെ അഹന്തയും വിദ്വേഷവും വെറുപ്പും ഉപേക്ഷിക്കുക. നമ്മുടെ പ്രശ്നങ്ങളെ അതിജീവിക്കുവാനായി കുറുപ്പു സാർ 4 മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു. മൈത്രീഭാവന, മാനുഷികധ്യാനം, ജൈവാർച്ചന, അയൽക്കൂട്ടം. ഈ ചിന്താധാരകൾ മനസ്സിലേയ്ക്ക് പെയ്തിറങ്ങാൻ ഒന്ന് അനുവദിക്കുക. മനുസ്സിലെ ദുഷിച്ച ഓടയിൽ നിന്ന് കാരുണ്യത്തിന്റെ ഗംഗ പ്രവഹിക്കട്ടെ. ഇങ്ങനെ നിത്യ ദുഃഖമനുഭവിക്കേണ്ടവരല്ല മനുഷ്യർ. ജീവിവർഗ്ഗത്തിലേറ്റവും ശ്രേഷ്ഠമായ വർഗ്ഗമാണ് നാം. നമുക്ക് മാത്രമേ നാം ആരെന്ന് തിരിച്ചറിയാനാകൂ. നമ്മുടെ ഉണ്മയെക്കുറിച്ചറിയാതെ പരസ്പരം കലഹിച്ച് ഈ ഭൂമി നരകമാക്കി നാം മാറ്റിക്കൊണ്ടിരിക്കുകയാണിപ്പോൾ. സ്വയം അറിയാൻ തുടങ്ങിയാൽ എല്ലാവരിലും കുടികൊള്ളുന്നത് ഒരേ ജീവിതചൈതന്യമെന്ന് കണ്ടെത്തിയാൽ പിന്നെ ആരോട് കലഹിക്കുവാനാണ്? ദുഃഖിക്കുന്നവരുടെ വേദനയിൽ ഹൃദയം തുറന്ന് പങ്കു ചേരുവാനുള്ള

മനസ്സാണ് ആത്മസൗന്ദര്യത്തിലേയ്ക്ക് നമ്മെ നയിക്കുന്നത് ഹൃദയത്തിൽ ശാന്തിയും സന്തോഷവും നിറയട്ടെ, മൈത്രീഭാവന വിടരട്ടെ, കൈകൾ സേവനനിരതമാകട്ടെ, മറ്റുള്ളവരെ മനസ്സിലാക്കുവാനും അവരുടെ ദുഃഖങ്ങൾ പങ്കുവെയ്ക്കുവാനും തയ്യാറാകുമ്പോൾ നമ്മുടെ ദുഖങ്ങളും അസ്തമിക്കും. മകളോട് പനിയെക്കുറിച്ച് പറഞ്ഞു വന്നതാണ് അത് പിന്നെ പ്രാരബ്ധമായി മാറി. വായനക്കാർക്ക് സ്വീകാര്യമായത് വല്ലതുമുണ്ടെങ്കിൽ എടുത്തിട്ട് ബാക്കി എന്റെ അക്കൗണ്ടിലേയ്ക്ക് ഇട്ടേക്കുക. ജയ് ജഗത്....

## ഡോക്ടർ ആർ.കെ. ഷേണായി അനുസ്മരണം

ചികിത്സയിലും അധ്യാപനത്തിലും ഗവേഷണത്തിലും പ്രതിഭ തെളിയിച്ച കർക്കശ സ്വഭാവക്കാരനായിരുന്നു ഡോ. ആർ.കെ. ഷേണായി. എല്ലാവരേയും സമഭാവനയോടെ കണ്ടിരുന്ന അദ്ദേഹത്തിന് പക്ഷേ പൊങ്ങച്ചക്കാരെ പരമപുച്ഛമായിരുന്നു. തന്റെ അധികാര പരിധിയിലേയ്ക്ക് പക്ഷപാതപരമായ ഇടപെടലുകൾക്ക് തുനിഞ്ഞവരാരും പിന്നെ സാറിന്റെ വീടിന്റെ പടികൾ കണ്ടിട്ടുണ്ടാവില്ല. അത്ര ധീരമായിരുന്നു അധർമ്മത്തോടുള്ള പ്രതികരണം. ആകാരവും പൗരുഷവും ധർമ്മവും ഒത്തു ചേർന്ന വ്യക്തിത്വം. മെഡിക്കൽ കോളേജിൽ നിന്നും വിരമിച്ചതിനു ശേഷം മന്ത് രോഗ നിവാരണ പദ്ധതിയുടെ ചുമതലയേറ്റെടുത്തു കൊണ്ട് നാടിനെ രോഗവിമുക്തമാക്കി സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ചു. ഇടപെടുന്നവർക്കുണ്ടാകുന്ന ചെറിയ വീഴ്ചയും അദ്ദേഹത്തെ കോപാകുലനാക്കും. അതിനാൽ ഷേണായി സാറിനെ പൊതുവേ എല്ലാവർക്കും ഭയമാണ്. പിന്നെ എന്തിനാണ് രോഗികൾ അദ്ദേഹത്തെ തേടിയെത്തുന്നത്? മറ്റൊന്നുമല്ല ചികിത്സാ നൈപുണ്യവും നിസ്വാർത്ഥതയും ജനങ്ങളെ ആകർഷിച്ചു. അദ്ദേഹത്തിന് ദർശനം അയയ്ക്കാറുണ്ടെങ്കിലും അഭിപ്രായം ചോദിക്കാൻ എനിക്ക് ധൈര്യമുണ്ടായിട്ടില്ല. മടിശ്ശീലയ്ക്കും മുടക്കം വരുത്തിയിട്ടില്ല. അച്ഛന് അസുഖമായിരുന്നപ്പോൾ ഒരിക്കൽ ഞാനൊന്ന് ഫോൺ ചെയ്തു. അസുഖ വിവരങ്ങൾ പറഞ്ഞിട്ട് അങ്ങോട്ടൊന്ന് കൊണ്ടുവരട്ടെയോ എന്ന് ചോദിച്ചു. സാറിന് വയ്യെങ്കിൽ ഇങ്ങോട്ട് കൊണ്ടു വരേണ്ട. രാവിലെ ഏഴിന് ഞാൻ വീട്ടിൽ വന്ന് സാറിനെ കണ്ടുകൊള്ളാം എന്ന് പറഞ്ഞു. കൃത്യ സമയം ഷേണായി സാറെത്തി. കുശലപ്രശ്നം ചെയ്ത് അച്ഛനു വേണ്ട മരുന്നുകളും നിർദ്ദേശിച്ചു. എന്നിട്ട് പറഞ്ഞു – എന്നെ കാണാൻ എപ്പോഴെങ്കിലും വീട്ടിൽ വന്നാൽ ജനലിലൂടെ ഈ തല

എന്നെ ഒന്ന് കാണിച്ചേക്കണം. ഞാൻ വിളിച്ചോളാം. അവിടെ മരുന്നിനിരിക്കുന്നവരുടെ തല കുറച്ചു നേരം കൂടി അവിടെ ഇരുന്നു എന്ന് കരുതി ഒരു കുഴപ്പവുമില്ല. സാറിന്റെ തല അങ്ങനെയല്ല അത് മാനുഷികത നിറഞ്ഞതാണ്. അതിലെ സന്ദേശങ്ങൾ എവിടെയെങ്കിലുമൊക്കെ പ്രചരിക്കട്ടെ.

വളരെ രസകരമായിരുന്നു അച്ഛനുമായുള്ള ആദ്യ കൂടിക്കാഴ്ച. മുരളീധരമേനോൻ സാറിൽ നിന്നും അച്ഛനെ കുറിച്ച് കേട്ടറിഞ്ഞ ഡോക്ടർ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഒരു യോഗാനന്തരം രാത്രി 8 മണിയോടെ അച്ഛൻ ഡോക്ടറുടെ വീട്ടിലെത്തി ബെല്ലടിച്ചു. വൈകിട്ട് ഏഴുമണി കഴിഞ്ഞാൽ അങ്ങോട്ടാരും ചെല്ലാൻ പാടില്ല എന്നാണ് ചട്ടം. ഡോക്ടർ വന്ന് കിളിവാതിൽ തുറന്ന് ഒന്നും ചോദിക്കാതെ നാളെ മൂന്നു മണിക്ക് വരാൻ പറഞ്ഞ് വാതിലടച്ചു. ഡോക്ടർ ദർശനം വായിച്ചിട്ടേയുള്ളു അച്ഛനെ കണ്ടിട്ടില്ലായിരുന്നു. വീണ്ടും അച്ഛൻ ബെല്ലടിച്ചു. ക്ഷോഭത്തോടെ വന്നാണ് കതക് തുറന്നത്. ആളെ തിരിച്ചറിഞ്ഞപ്പോൾ സന്തോഷത്തോടെ സ്വീകരിച്ചു. എന്നിട്ട് പറഞ്ഞു സാറെ, എല്ലാവരും ജഗദീശ്വരന്റെ സൃഷ്ടിയാണെന്നെനിക്കറിയാം പക്ഷേ ഞാൻ ഇവിടെ വരുന്നവർക്കൊക്കെ രാപ്പകൽ നോക്കാതെ മരുന്ന് കൊടുത്തു കൊണ്ടിരുന്നാൽ ഞാൻ നേരത്തെ ചത്തു പോകും. എനിക്ക് വിശ്രമം വേണം. എന്റെ വീട്ടിലും ഈശ്വരന്റെ സൃഷ്ടികളില്ലേ അവരേയും സേവിക്കണമല്ലോ. അതുകൊണ്ടാണ് ചില അതിർത്തികൾ വെച്ചിരിക്കുന്നത്. അവരുടെ സൗഹൃദം അങ്ങനെ വളർന്നു. ദർശനം കുടുംബാംഗമായ ശ്രീ. ചന്ദ്രമോഹനൻ ഇപ്പോൾ കാക്കനാട് താമസിക്കുന്നു. ഷേണായി സാറിനെ കുറിച്ച് അനുസ്മരിക്കുകയാണിവിടെ.

## അപൂർവ്വ വ്യക്തിത്വം :-

ഡോക്ടറില്ലാത്ത ഒരു ലോകം സ്വപ്നം കാണാൻ കഴിയുമോ? ജനിച്ചു വീഴുന്നതു തന്നെ ആശുപത്രി കിടക്കയിലാണല്ലോ.

കൊട്ടാരം ധർമ്മാശുപത്രിയായിരുന്നു ആലപ്പുഴക്കാരുടെ ആശ്രയം. അവിടെ ഗ്ലാസ് ജാറിൽ നിറച്ചു വെച്ചിരിക്കുന്ന ചുവന്ന മിക്സ്ച്ചറും നാലഞ്ചു ഗുളികകളും കൊണ്ടു രോഗം ഭേദമായിരുന്ന ഒരു കാലമുണ്ടായിരുന്നു. അറ്റകൈക്ക് ഒരു കുത്തിവെയ്പ്പും.

പിന്നീടാണ് കൊട്ടാരത്തിന്റെ മുന്നിൽ മെഡിക്കൽ കോളേജ് ആശുപത്രി വന്നത്. ഉദ്ഘാടനം കഴിഞ്ഞ് കുറച്ചു ദിവസങ്ങൾക്കു ശേഷം ഞാൻ അവിടം സന്ദർശിച്ചു വെറുതെ ഒന്ന് കാണാൻ. സത്യ

ത്തിൽ കണ്ടു കഴിഞ്ഞപ്പോൾ ഒരു ദിവസമെങ്കിലും അവിടെ കിടന്നാൽ കൊള്ളാമെന്നു മോഹിച്ചു പോയി. അത്രയ്ക്ക് വൃത്തിയും വെടിപ്പും ഭംഗിയും. ദൈവം എന്റെ ആഗ്രഹം സാധിപ്പിച്ചു തന്നു. നാലഞ്ചു വർഷങ്ങൾക്കു ശേഷം ഒരു സുഹൃത്തിനു കൂട്ടു കിടക്കാനും ശുശ്രൂഷിക്കാനും അവസരം കിട്ടി. 15 ദിവസത്തോളം അവിടെ കഴിച്ചു കൂട്ടിയെന്നു പറയുന്നതാകും ശരി. ആശുപത്രിയുടെ അന്തരീക്ഷം ദയനീയമായിരുന്നു. ആദ്യം എന്നെ മോഹിപ്പിച്ച സൗന്ദര്യം നഷ്ടപ്പെട്ടെന്നു മാത്രമല്ല എപ്പോഴും വായുവിൽ ദുർഗന്ധം തങ്ങി നിന്നിരുന്നു.

അവിടെ വെച്ചാണ് 5-ാം വാർഡിന്റെ നാഥനായ ഡോക്ടർ ഷേണായിയെ ആദ്യമായി കാണുന്നത്. ഓവർകോട്ടും ധരിച്ചു കയ്യിൽ പുസ്തകവുമായി തല ഉയർത്തിപ്പിടിച്ച് മറ്റെങ്ങും ശ്രദ്ധിക്കാതെ വാർഡിന്റെ ഇടനാഴിയിലൂടെ അദ്ദേഹം നടന്നു വരുന്നത് ഇന്നും ഓർമ്മയിലുണ്ട്. അദ്ദേഹം വരുന്നതു കണ്ടാൽ വാർഡിൽ രോഗികളോടൊപ്പമുള്ള കൂട്ടിരിപ്പുകാർ സ്ഥലം വിടും. പരിശോധന സമയം രോഗികളല്ലാതെ മറ്റാരും വാർഡിൽ ഉണ്ടാകാൻ പാടില്ല എന്ന് അദ്ദേഹം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഭയഭക്തി ബഹുമാനത്തോടെയാണ് ആശുപത്രി ജീവനക്കാരും എം.ബി.ബി.എസ് വിദ്യാർത്ഥികളും അദ്ദേഹത്തെ സമീപിച്ചിരുന്നത്. ഷേണായി സാറിന്റെയടുത്തെത്തിയാൽ രോഗം കണ്ടുപിടിച്ചിരിക്കും. രോഗി സുഖം പ്രാപിക്കും എന്ന ഉറച്ച വിശ്വാസം അന്നു പ്രചരിച്ചിട്ടുണ്ട്.

ഒരു നാൾ എനിക്കും ഒരു രോഗിയായി അദ്ദേഹത്തിന്റെ മുന്നിൽ ചെല്ലേണ്ടി വന്നു. ഞാൻ ജോലി ചെയ്തിരുന്നത് ഒരു തുണിമില്ലിലാണ് ഉറക്കം നിന്നുള്ള ജോലി. കഞ്ഞികുടിക്കാൻ മറ്റു മാർഗ്ഗമില്ലാത്തതു കൊണ്ടു മാത്രം ആ ജോലിയിൽ തുടർന്നതാണ്. മോണയിൽ നിന്നും രക്തം വരിക, ക്ഷീണം, മൂക്കടപ്പ് ഇതായിരുന്നു അസുഖം. ആദ്യം ഇ.എസ്.ഐ ആശുപത്രിയിൽ പോയി. പ്രയോജനം അശേഷമില്ല. അങ്ങിനെയാണ് ഷേണായി സാറിനെ കാണാനെത്തിയത്. മുണ്ടും ഷർട്ടും ധരിച്ച് ലളിത വേഷധാരിയായി അദ്ദേഹം ഇരിയ്ക്കുന്നു. രോഗവിവരം പറഞ്ഞപ്പോൾ ഷർട്ട് ഊരിമാറ്റിയിട്ട് ഡെസ്ക്കിൽ കിടത്തി പരിശോധിച്ചു. നിർദ്ദേശങ്ങൾ തന്ന് പുക, പൊടി, മഞ്ഞ് ഇതൊക്കെ ഒഴിവാക്കണം അലർജിയാണ്. ഒരു പരിപ്പിന്റെ വലിപ്പമുള്ള ഗുളികയ്ക്ക് എഴുതി തന്നു. രണ്ടു ദിവസം കൊണ്ടു തന്നെ അസുഖം മാറി തുടങ്ങി.

എന്തു കൊണ്ടാണ് അദ്ദേഹം എല്ലാവരുടെയും ആദരവ് പിടിച്ചു

പറ്റിയത്? ആത്മീയ പരിവേഷമാർന്ന ചില മൂല്യങ്ങൾ അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. പ്രതിഫലേച്ഛയില്ലാതെ തന്റെ കർമ്മ മണ്ഡലം സംശുദ്ധതയോടെ നിലനിർത്തി. രോഗിയിൽ അദ്ദേഹം കണ്ടത് അശരണരെയാണ് രോഗി അദ്ദേഹത്തിൽ ദൈവത്തെയും.

അഞ്ചാറു സുഷിരങ്ങളുള്ള മുളന്തണ്ട് അത് ആരുടെ കയ്യിലും ഒരു മുളന്തണ്ട് മാത്രമായിരിക്കും. എന്നാൽ അതേ മുളന്തണ്ട് ശ്രീകൃഷ്ണ ഭഗവാന്റെ കൈവശം കിട്ടിയാൽ വൃന്ദാവനത്തിലെ ഗോപികമാരെ ആനന്ദസാഗരത്തിലാറാടിക്കുന്ന നാദധാര പൊഴിക്കുന്ന ഓടക്കുഴലാകും അതുപോലെ സ്റ്റെതസ്കോപ്പ് ആർക്കും കഴുത്തിലിട്ടു നടക്കാം. അതു ഷേണായി സാറിന്റെ കയ്യിൽ രോഗം കണ്ടുപിടിക്കുന്ന ഒരു മാന്ത്രിക കുഴലായി മാറും. അതൊരു മായാ ജാലം തന്നെ.

ആലപ്പുഴ ബോട്ട് ജെട്ടിയിലേയ്ക്ക് പോകുന്ന വഴിയരികിലെ വൃന്ദാവനത്തിൽ ഇപ്പോൾ ഷേണായി സാറില്ല - നമ്മുടയൊക്കെ മനസ്സിലുണ്ട്. മഹാനായ ഡോക്ടറുടെ ദീപ്ത സ്മരണകൾ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ചന്ദ്രമോഹനൻ, 9447701813

---

## സംസ്കാര ച്യുതി :-

മഹാന്മാരെത്ര പിറന്നമണ്ണാമിത്
എന്നിട്ടും സംസ്കാരം താഴോട്ടു പോകയോ?
ഉന്നതത്തിൽ പറന്നീടും കഴുകന്റെ
ദൃഷ്ടിയോ കീഴെ കിടക്കും ശവത്തിലും
എന്ന പോൽ മാനുഷർ പണ്ഡിതനായാലും
വാസനയാൽ ചിലർ കഴുക സമാനനൻ.
ബന്ധുവെന്ന് പറഞ്ഞീടിലും ചിലർ
ബന്ധനം തന്നെ സൃഷ്ടിച്ചു പോരുന്നു.
സ്വാസ്ഥത മോഹിച്ചീടുന്നവരതു
നൽകാതെയെങ്ങനെ സ്വായത്തമാക്കീടും?
ഓരോ മനുജനും സ്വന്തമെന്നറിയണം
എങ്കിലേ ഐക്യവും ശാന്തിയും കൈവരൂ.
അതിനായിട്ടെന്നെന്നും പരിശ്രമിക്കുന്നവർ
ജീവിതാന്ത്യം വരെ സ്വസ്ഥരായി തീർന്നീടും.

സനൽകുമാർ, 9605896925

# കത്തുകൾ

## 1. തോമസിന്റെ കത്ത്

കഴിഞ്ഞ ലക്കം സമഗ്ര ആരോഗ്യ ദർശനം എനിക്ക് അത്യാവശ്യമായിരുന്ന സന്ദർഭത്തിലാണ് ലഭിച്ചത്. അൽപ്പം ദേഹാസ്വാസ്ഥ്യം ഉണ്ടായിരുന്നു. ഇടതു വശത്തിനൊരു ബലഹീനത ശരിക്കും നടക്കാനാകുന്നില്ല. അതോടൊപ്പം വീട്ടുകാരിയോട് പിണക്കവും. എന്നെ ശ്രദ്ധിക്കുന്നില്ല എന്നൊരു തോന്നൽ. ചെറിയ കാര്യത്തിനും ഞാൻ വഴക്കിട്ടു. അസുഖത്തിന് മുമ്പ് എനിക്ക് അങ്ങനെയൊരു സ്വഭാവം ഉണ്ടായിരുന്നില്ല. ഭാര്യ ചായ കൊണ്ടു വന്നപ്പോൾ നിനക്കൽപ്പം അഹങ്കാരം കൂടുതലാണെന്ന് പറഞ്ഞു. എന്തോ തർക്കുത്തരം പറഞ്ഞു കൊണ്ട് അവൾ പോയി. ഇത് അങ്ങനെ വിട്ടു കൊടുത്താൽ പറ്റില്ലല്ലോ അവളെ ഒരു പാഠം പഠിപ്പിക്കണം. ചായ ഗ്ലാസ്സ് എടുത്ത് ഞാൻ ടീപ്പോയിലേയ്ക്ക് ഒരേറു കൊടുത്തു. അതിന്റെ ഗ്ലാസ്സ് അൽപ്പം പൊട്ടി. സഹധർമ്മിണി എന്നെ ഒന്ന് നോക്കിയിട്ട് മിണ്ടാതെ അവിടെമെല്ലാം വൃത്തിയാക്കി. അവളെ ഒരു പാഠം പഠിപ്പിച്ചതിൽ വിജയശ്രീലാളിതനായി ഞാനുമിരുന്നു. അപ്പോഴാണ് ദർശനം എത്തിയത്. കുറുപ്പു സാറിനെ കണ്ടപ്പോഴേ ഞാനൊന്ന് ഞെട്ടി. ഞാൻ ചെയ്തത് ശരിയായോ എന്നൊരു സംശയം. മുഖലേഖനവും തുടർന്നുള്ള കുറിപ്പുകളും വായിച്ചു കഴിഞ്ഞപ്പോൾ അടങ്ങു തോമസ്സേ, അഹങ്കാരം കൂടിയത് സഹധർമ്മിണിക്കല്ല എന്നൊരു ധ്വനി ദർശനത്തിലൂടെ ഞാൻ കേട്ടു. ഞാനത് ശ്രദ്ധിച്ചു. മാറ്റങ്ങൾ വരുത്താൻ എനിക്ക് കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം. പ്രശ്നകാരണം ഞാൻ കണ്ടെത്തി. എന്റെ ഉള്ളിലുള്ള അഹന്ത എന്ന മൃഗം അവനാണ് ടീപ്പോയ് എറിഞ്ഞുടച്ചത്. ശ്രദ്ധിക്കണം അവസരം കിട്ടിയാൽ അവൻ ആക്രമിക്കും. അവനെ ആയിരുന്നു മനസ്സിൽ നിന്നും എറിഞ്ഞോടിക്കേണ്ടത്. എന്തായാലും ടിപ്പോയിയുടെ ചില്ല് ഞാൻ മാറ്റിയിട്ടില്ല അത് അവിടെ കിടക്കട്ടെ. എന്റെ ഉള്ളിൽ അഹന്ത തലപൊക്കാതിരിക്കാനുള്ള ഒരു അടയാളമായി സ്മാരകമായിരിക്കട്ടെ. സന്ദർശകർ വരുമ്പോൾ ഇത് കണ്ട് ചോദിച്ചാൽ സംഭവം ഞാൻ വിശദീകരിക്കും. എങ്കിലും ഭാര്യ പിള്ളാര് തട്ടിയിട്ടെന്നാണ് പറയാറുള്ളത്.

കുറുപ്പു സാറിൽ നിന്നും നമുക്കൊരുപാട് പഠിക്കുവാനുണ്ട്. നാം ദർശനം വായനക്കാരെങ്കിലും അതിന്റെ സന്ദേശവാഹകരായിരിക്കണം. സ്നേഹത്തിന്റെയും ശാന്തിയുടെയും സന്ദേശം

നമ്മുടെ ഉള്ളിലും വീട്ടിലും ചുറ്റുവട്ടത്തും സഞ്ചാരപഥത്തിലും നിറഞ്ഞു നിൽക്കാൻ ബോധപൂർവ്വം അഭ്യസിക്കണം. സമൂഹത്തിലെ പരസ്പര വിരുദ്ധങ്ങളെന്ന് തോന്നിക്കുന്ന എല്ലാ വിഭാഗക്കാരുമായും സാറ് സ്ഥാപിച്ചിരുന്ന ആത്മബന്ധം നമുക്ക് പ്രചോദനമാകണം. അന്യരായി ആരുമില്ല എല്ലാവരും വേണ്ടപ്പെട്ടവരെന്ന ഏകാത്മബോധത്തിന്റെ ചുവട് പിടിച്ച് നമുക്കും സഞ്ചരിക്കാം. എല്ലാ ദർശനം മിത്രങ്ങൾക്കും ശാന്തിയും സന്തോഷവും നേരുന്നു.

## 2. ഗോപിനാഥ പൈയുടെ കത്ത്

യശ്ശഃശരീരനായ പങ്കജാക്ഷക്കുറുപ്പു സാർ ഏകദേശം അര നൂറ്റാണ്ടു മുമ്പ് ജ്ഞാനസ്നാനം ചെയ്ത ഒരു വ്യക്തിയാണ് ഞാൻ. കുറേ കൊല്ലങ്ങൾക്കു മുമ്പ് കവി ചന്ദ്രൻ പുറക്കാട് ഒന്ന് പുതുക്കി. ദർശനം കൃത്യമായി ദർശിക്കാറുണ്ട്. മടിശ്ശീലയിൽ ഈ അടുത്ത കാലത്തൊന്നും നിക്ഷേപിച്ചിട്ടില്ല എന്ന കുറ്റബോധം ഉണ്ട്. തൃപ്പൂണിത്തുറ മകന്റെയടുക്കലാണ് വാർദ്ധക്യം ചിലവിടുന്നത്. പരിപാടികളിലൊന്നും ഭാഗഭാക്കാകാൻ കഴിയുന്നില്ല. എഴുത്തും വായനയും കുറേശ്ശേയുണ്ട്. ദർശനത്തിന്റെ സന്ദേശങ്ങളിൽ ഇന്നത്തെ തലമുറ ആകൃഷ്ടരാവുന്നില്ല. മറ്റു വഴികളും കാണാനില്ല. സത്യവും അഹിംസയും ആണല്ലോ ദർശനത്തിന്റെ മുഖമുദ്ര. ഒക്ടോബർ 21 ലോക അഹിംസാദിനം 2007-ൽ ആചരിച്ചപ്പോൾ വായിക്കാനിടയായത് താഴെ കുറിക്കുന്നു. ഹിംസ താണ്ഡവമാടുന്ന ഈ കാലഘട്ടത്തിൽ എല്ലാവരും ഇത് ഹൃദിസ്ഥമാക്കേണ്ടതാണ്.

അഹിംസയാണ് ലോകമതം.
അഹിംസ ധീരതയുടെ പരമകാഷ്ഠയാണ്.
അഹിംസ കൂടാതെ സത്യാന്വേഷണം സാദ്ധ്യമല്ല.
അഹിംസയും പ്രേമവും ഒന്നു തന്നെ.
അഹിംസ ഒരു സാമൂഹിക ധർമ്മമാണ്.
അഹിംസയുടെ സജീവമായ അവസ്ഥയാണ് സ്നേഹം.
അഹിംസ അനുഷ്ഠിക്കുന്ന ആൾ ദയയെ ആയുധമാക്കണം.
അഹിംസയ്ക്കും ക്ഷമയ്ക്കും അതിര് നിർണ്ണയിക്കാവതല്ല.
സ്വാർത്ഥത്തിന്റെ ഗന്ധം ലേശം പോലും ഉള്ളിടത്ത് പൂർണ്ണമായ അഹിംസ സാദ്ധ്യമല്ല.

അഹിംസാവാദിയുടെ രക്ഷാകവചം ഈശ്വരധ്യാനമല്ലാതെ മറ്റൊന്നുമല്ല.

അഹിംസയുടെ സന്ദേശം ഗ്രഹിച്ചാൽ വർഗ്ഗസമരം ഒഴിവാക്കാവുന്നതാണ്.
സൂക്ഷ്മരൂപിയായ പങ്കജാക്ഷക്കുറുപ്പ് സാറിന് സാഷ്ടാംഗ പ്രണാമങ്ങളോടെ

**ഗോപിനാഥപൈ, പുറക്കാട്**

## പൊതുവിവരങ്ങൾ

### 1. എനിക്ക് എ.പി.എൽ കാർഡ് മതി

കർമ്മയോഗ സിദ്ധാന്തമനുസരിച്ച് എല്ലാവരും അവരവരുടെ കർമ്മങ്ങൾ പ്രത്യേകിച്ചും പരോപകാരപ്രദമായവ ശ്രദ്ധയോടെ ചെയ്യണം. ഫലത്തെക്കുറിച്ച് ചിന്താകുലരാകേണ്ടതില്ല അത് ലഭിക്കും. എന്നാൽ ഇന്ന് സമൂഹം ആർജ്ജനത്തിന് വേണ്ടിത്തന്നെ നിരന്തരം ശ്രമിക്കുകയും ത്യജനത്തിന് മടി കാണിക്കുകയും ചെയ്യുന്നു. അപ്പോൾ പ്രകൃതി ആർജ്ജിച്ചതും തട്ടിക്കൊണ്ട് പോകുന്നു. മരുന്നിന് വന്ന ദർശനം മിത്രം മുബാഷ് വണ്ടാനം സ്വദേശിയാണ്. സംഭാഷണ മദ്ധ്യേ ഒരു കാര്യം പറഞ്ഞപ്പോൾ കൗതുകം തോന്നി. പുതിയ റേഷൻ കാർഡ് അനുവദിച്ച് വന്നപ്പോൾ ആവശ്യപ്പെടാതെ എ.പി.എൽ. കാർഡ് മാറി ബി.പി.എൽ. ആയി പലരും പെടാപാട് പെട്ടാണ് ഇത് ഒപ്പിക്കുന്നത്. കോൺട്രാക്റ്റ് വർക്കുകൾ ചെയ്യുന്ന ഒരു ഇടത്തരം കുടുംബാംഗമായ മുബാഷിന് ബി.പി.എൽ. കാർഡിന് അർഹതയില്ലെന്ന് തോന്നി. മാറ്റത്തിനായി സപ്ലൈ ഓഫീസിൽ ചെന്നപ്പോൾ ഉദ്യോഗസ്ഥർ പറയുന്നത് എടോ, താനൊരു വിഡ്ഢിയാണോ എന്തു പാടുപെട്ടാണ് ആളുകൾ ബി.പി.എൽ കാർഡ് നേടിയെടുക്കുന്നത്. തനിക്കത് ഫ്രീയായി കിട്ടിയത് ഭാഗ്യം അതിരിക്കട്ടെ. അതുകൊണ്ട് ഒരുപാട് പ്രയോജനങ്ങൾ ഉണ്ടാകും. മുബാഷ് പറഞ്ഞു എനിക്ക് അർഹതയില്ലാത്തതൊന്നും ആവശ്യമില്ല. സാധുക്കൾക്കുള്ളത് അവർക്ക് കൊടുത്തേക്കുക. നിവൃത്തിയില്ലാതെ ഉദ്യോഗസ്ഥർ കാർഡ് മാറ്റിക്കൊടുത്തു. നമുക്ക് അർഹതയില്ലാത്തത് ഒരു സാമ്രാജ്യമാണെങ്കിലും ഒരു പുൽക്കൊടി പോലെ അത് ഉപേക്ഷിക്കണം. നമ്മെ നിരീക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഈശ്വര ശക്തിയിൽ വിശ്വാസമുണ്ടായിരിക്കണം.

### 2. ആഴി അതിർത്തി ലംഘിക്കുന്നത് :-

അമ്പലപ്പുഴ - നീർക്കുന്നം - വണ്ടാനം പ്രദേശങ്ങളിൽ ശക്ത

മായ കടലേറ്റമുണ്ടായി. കുറേ വീടുകളൊക്കെ തകർന്നു പോയി. സ്കൂളിലും ആശുപത്രി കെട്ടിടങ്ങളിലുമായി അഭയാർത്ഥികൾ സർക്കാർ സംരക്ഷണയിൽ കഴിയുന്നു. ഡോ. പത്മകുമാറുമായി കടലേറ്റ സ്ഥലങ്ങൾ നടന്നു കണ്ടു. കടൽഭിത്തി, മണൽചാക്ക് സംവിധാനങ്ങൾ അടങ്ങിയ നമ്മുടെ കടൽത്തീര രക്ഷാമാർഗ്ഗങ്ങൾ പോരാതെ വരുന്നു. ശക്തമായ തിരകൾ കരിങ്കല്ലെടുത്ത് പൊക്കി കൂറ്റൻ മണൽചാക്കുകളിൽ അടിച്ചു തകർത്തിരിക്കുന്നത് ഞങ്ങൾ കണ്ടു. വീടുകളുടെ അടിത്തറ വരെ പലസ്ഥലത്തും ഇളകിയിരിക്കുന്നു. സഹ്യപർവ്വതം കഷ്ണങ്ങളാക്കിയെടുത്ത് കടൽത്തീരത്ത് കൊണ്ടിട്ടാൽ സഹ്യനും കടലോരവും രക്ഷപെടുകയില്ലെന്നാണ് ചേട്ടൻ അഭിപ്രായപ്പെട്ടത്. പ്രകൃതിയുടെ താളവുമായി താദാത്മ്യമില്ലാത്ത വികസന പദ്ധതികൾ നമുക്കാപത്താണ്. കടലോര പ്രദേശങ്ങളിൽ കണ്ടുവരുന്ന പൊഴികൾ, തോടുകൾ എന്നിവ സ്വാഭാവിക സംരക്ഷണ കവചങ്ങളാണ്. ഇന്നവ പലതും നികത്തി പോയി. കനാലുകൾ കേന്ദ്രീകരിച്ച് കണ്ടൽക്കാടുകൾ വെച്ചു പിടിപ്പിച്ചെടുത്താൽ കുറേയൊക്കെ കടലേറ്റം നിയന്ത്രിക്കാം. മണൽച്ചാക്കുകൾ ഭേദപ്പെട്ട ഒരു സംരക്ഷണ മാർഗ്ഗമാണ്, കരിങ്കല്ലിനോടൊപ്പമിടരുത്. കടൽ സ്വബോധമുള്ളതാണ്. കുറേ വെറും ഉപ്പുവെള്ളമല്ല. വിസ്തൃതമായ കടൽത്തീരങ്ങളിൽ ചില പ്രദേശങ്ങളിൽ മണലും ചില സ്ഥലങ്ങളിൽ തീരത്ത് ചെളിയുമാണ്. മറ്റു ചില സ്ഥലത്താവട്ടെ കൂറ്റൻ പാറക്കെട്ടുകളും കാണുന്നു. ചെളിയുള്ള ഇടങ്ങളിൽ തിരകൾ കുറവായിരിക്കും. മണ്ണുള്ള സ്ഥലങ്ങളിൽ സാധാരണ തിരകളും കടലേറ്റവും കരിങ്കൽ ഉള്ള കന്യാകുമാരി പോലുള്ള സ്ഥലങ്ങളിൽ ശക്തമായ തിരകളുമാണ് കാണപ്പെടുന്നത്. ഇതെല്ലാം കടലിന്റെ സ്വഭാവം അനുസരിച്ചുള്ള തീരസാഹചര്യങ്ങളാണ്. കടലിന്റെ ശ്വസോച്ഛ്വാസ മേഖലയായ വേലിയേറ്റ രേഖയിൽ നിന്നും ഒരു 50 മീറ്ററിനിപ്പുറം വേണം വീടുകൾ വെയ്ക്കാൻ. മൂക്കിനടിയിൽ കൊണ്ടു പോയി വീടു വെയ്ക്കുന്നത് അഭികാമ്യമല്ല. ഈ വീടുകൾക്കും കടലിനും ഇടയ്ക്കുള്ള പ്രദേശം താത്ക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് വിശ്രമിക്കാനും മത്സ്യബന്ധനോപാധികൾ സൂക്ഷിക്കാനുമായി ഉപയോഗിക്കാം എന്നാണ് ചേട്ടന്റെ അഭിപ്രായം. കടലിൽ ഇടയ്ക്കിടെ രൂപം കൊള്ളുന്ന മർദ്ദം ക്രമമായ തീരങ്ങളിൽ വിന്യസിച്ചാൽ വലിയ അപകടങ്ങൾ ഉണ്ടാവുകയില്ല. എവിടെയെങ്കിലും തടസ്സം ചെയ്യുമ്പോൾ ആ മർദ്ദം വർദ്ധിച്ച് ദുർബലമായ ഇടങ്ങളിൽ കടൽ

അതിർത്തി ലംഘിച്ച് കരയിലേയ്ക്ക് കയറും. സുനാമിയിൽ ഇത് സംഭവിച്ചിട്ടുണ്ട്. ആഴി അതിർത്തി ലംഘിക്കാതിരിക്കണമെങ്കിൽ മനുഷ്യനും അതിർത്തി ലംഘിക്കരുത്. മനുഷ്യനെ സംരക്ഷിക്കുന്ന കടലും കരയേ പോലെ നാം മലിനപ്പെടുത്തി കൊണ്ടിരിക്കുന്നു. ഒറ്റയ്ക്ക് മീൻപിടിക്കുന്ന പൊങ്ങുതടി മുതൽ നിരന്തരമായി മത്സ്യബന്ധനം നടത്തുന്ന കൂറ്റൻ കപ്പലുകൾ വരെ പൊന്മുട്ടയിടുന്ന ഈ കടൽത്താറാവിന്റെ വയറ് കീറിക്കൊണ്ടിരിക്കുകയാണ്. ഇത് തന്നെ കരയിലും സംഭവിക്കുന്നു. അങ്ങിനെ ചൂട് കൂടി ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകി കടൽ വർദ്ധിച്ച് കരയിലേയ്ക്ക് കയറി നാം അപകടത്തിലാവുമെന്ന് ശാസ്ത്രസമൂഹവും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സാരമില്ല താഴത്തെ നിലിയിൽ തീ പിടിച്ചാൽ ഞങ്ങൾക്കെന്താണ് എന്നാണ് മുകളിൽ താമസിക്കുന്നവരുടെ വിചാരം. അങ്ങിനെയുള്ളവരെ ഉണർത്താൻ ഇടയ്ക്ക് പ്രകൃതി ചൂരലൊന്ന് എടുക്കും. പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം, അപൂർവ്വ രോഗങ്ങൾ ഇവയുടെ കാരണങ്ങളും തിരിച്ചറിഞ്ഞ് വേണ്ടത് ചെയ്തില്ലെങ്കിൽ പിന്നെ തിരിച്ചറിവുള്ള ജീവിയാണെന്ന് അഭിമാനിക്കാനാവില്ല. തകർന്ന വീടുകളും വീട്ടുകാരേയും കണ്ട് കടലമ്മയേയും വണങ്ങി ഞങ്ങൾ തിരിച്ചു പോന്നു.

3. **<u>ഐരാവതം കിടന്നിടത്ത് ആടു കയറിയാൽ</u> :-** എന്ന് ഫലിതരൂപേണ മുരളീധരമേനോൻ സാർ പറഞ്ഞു കേട്ടിട്ടുണ്ട്. മഹാനായ ഡോ. എസ്.രാധാകൃഷ്ണൻ രാഷ്ട്രപതിയായിരുന്ന സ്ഥാനത്ത് ഇന്ദിരാഗാന്ധി എന്ത് പറഞ്ഞാലും ഒപ്പിട്ടു കൊടുത്തു കൊണ്ടിരുന്ന രാഷ്ട്രപതി ഫക്രുദീൻ അലി അഹമ്മദിനെക്കുറിച്ചായിരുന്നു ഈ പ്രസ്താവന. എനിക്ക് അത് നന്നായി ചേരുന്നുണ്ട്. കർമ്മോന്മുഖമായിരുന്ന ദർശനത്തിന് ഇപ്പോൾ ഒരു കർമ്മവുമില്ലാത്ത അവസ്ഥയാണ്. അതുകൊണ്ടു തന്നെ പല വായനക്കാരും വിട്ടുപോയി. രണ്ടോ മൂന്നോ മാസം കൂടുമ്പോൾ ഒരു പത്രം ഇറങ്ങുന്നു അത്ര തന്നെ. 400 പത്രങ്ങൾ പോസ്റ്റ് ചെയ്യുന്നു. കയ്യെത്തും ദൂരത്തെല്ലാം നേരിട്ട് കൊടുക്കുന്നു. യോഗങ്ങളിൽ പങ്കെടുക്കുമ്പോൾ അവിടെ വിതരണം ചെയ്യുന്നു. അച്ഛന്റെ സ്മരണ പുതുക്കാൻ വീട്ടിലെത്തുന്നവർക്കും പത്രം കൊടുക്കുന്നു. ഇവരിലാരെല്ലാം വായിക്കുന്നു എന്നൊരു അന്വേഷണം നടത്തണമെന്ന് തോന്നുന്നു. ദർശനവുമായി നിരന്തരം ബന്ധപ്പെടുന്നവർ ഇതിൽ പങ്കെടുക്കേണ്ടതില്ല. അല്ലാ

ത്തവർ ദർശനം തുടരണമെങ്കിൽ സമയം പോലെ ഒന്ന് മിണ്ടണം. മടിശ്ശീലയേക്കാൾ അതാണാവശ്യം. കുത്തഴിഞ്ഞ് കിടക്കുന്ന വിലാസങ്ങളുടെ ലിസ്റ്റും ഒന്ന് ശരിയാക്കാമല്ലോ.

കാലാവസ്ഥ അനുകൂലമല്ലാതിരുന്നതിനാൽ വനയാത്ര നടന്നിട്ടില്ല. അനുകൂല സാഹചര്യം വരുമ്പോൾ അറിയിക്കാം.

**4. സൗഹൃദം പുരുഷ കൂട്ടായ്മ :–** ഈ സംഘടനയുടെ നാലാം വാർഷികോദ്ഘാടനത്തിന് പങ്കെടുത്തു. കൃഷിയും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകി കൊണ്ടാണ് ഒരു കൂട്ടം ചെറുപ്പക്കാർ ഇവിടെ പ്രവർത്തിച്ചു വരുന്നത്. പ്രവേശന കവാടത്തിൽ അച്ഛന്റെ ചിത്രവും സന്ദേശങ്ങളും ആലേഖനം ചെയ്തിരുന്നു. നൂറോളം പേർ പങ്കെടുത്ത വേദിയിൽ മൈത്രീഭാവനയും ധ്യാനവും വിശദീകരിച്ചു. ബിജിമോനും, എൻ.എസ്. ജയനും സാരഥ്യം വഹിക്കുന്ന പുന്നപ്രയിലെ ഈ കൂട്ടായ്മയ്ക്ക് ദർശനത്തിന്റെ മംഗളാശംസകൾ.

**5. ഇത്രയും ചെയ്താൽ ഭൂമി സ്വർഗ്ഗമാകും :–** രാവിലെ തിരക്കാണ്. മാനുഷിക ധ്യാനം കഴിഞ്ഞ് മുറ്റം തൂത്തു. അയൽക്കാർക്ക് മാങ്ങ പറിച്ചുകൊടുത്തു. 9 മണി മുതലാണ് ചികിത്സയെങ്കിലും ഇടയ്ക്കും ആളുകൾ വരും. ലതയെ ഇന്ന് തിരുവനന്തപുരത്ത് പോകുവാൻ ബസ് സ്റ്റാൻഡിൽ കൊണ്ടു വിടണം. എണ്ണതേച്ച് കുളിക്കാൻ കയറിയപ്പോൾ കോളിംഗ്ബെൽ അടിക്കുന്നത് കേട്ടു. കുളിച്ചിട്ട് വരുമെന്ന് ലത അറിയിച്ചു. പുറകേ അത്യാവശ്യമായി ഒരു ഫോൺ വന്നപ്പോൾ തിരിച്ചു വന്ന് അറ്റൻഡ് ചെയ്തു. വീണ്ടും കുളിക്കാൻ പോയപ്പോൾ തോന്നി അതല്ല അതിന്റെ ശരി. കുളി എന്റെ കാര്യം അത് പിന്നീടാവട്ടെ. മരുന്നിന് വന്നവരെ ആദ്യം വിടാം. ഡിസ്പെൻസറിയിലെത്തിയപ്പോൾ ഒരു സഹോദരി വളരെ ക്ഷീണാവസ്ഥയിൽ മിണ്ടാൻ തന്നെ വയ്യാത്ത സ്ഥിതിയിൽ മേശപ്പുറത്ത് കുനിഞ്ഞുകിടക്കുകയാണ്. പെട്ടെന്ന് തന്നെ നോക്കി മരുന്നു കൊടുത്തു. വയറിളക്കവും, ഛർദ്ദിയുമാണ് അസുഖം. ബോധക്ഷയത്തിന്റെ വക്കിലെത്തി. മരുന്നും കുടിക്കാൻ വെള്ളവും കൊടുത്തു. ഇനി സമയമില്ല. ലതയെ വിടണം. കുളിക്കാതെതന്നെ നിന്ന വേഷത്തിൽ സ്കൂട്ടറെടുത്തു ലതയുമായി ബസ് സ്റ്റോപ്പിലെത്തുമ്പോൾ എനിക്കുറപ്പായിരുന്നു ഉടനെ വണ്ടി കിട്ടും കാരണം ഈ പ്രഭാതത്തിൽ – എപ്പോഴുമില്ല – എന്റെ പാത ശരിയായിരുന്നു. തിരക്കില്ലാതെ വന്ന സൂപ്പർഫാസ്റ്റിൽ ഉടനെ തന്നെ അവൾ പോയി.

ആർക്കെങ്കിലും ഒരു സഹായം ചെയ്യാൻ കിട്ടുന്ന അവസരങ്ങൾക്ക് മുൻഗണന കൊടുത്തു കൊണ്ടേയിരിക്കണം. സ്വന്തം കാര്യങ്ങൾ കഴിഞ്ഞിട്ട് ചെയ്യുന്നത് ഉപകാരമാവില്ല. നമ്മുടെ ഭക്ഷണം കഴിഞ്ഞല്ല പങ്കുവെയ്ക്കേണ്ടത്. നമ്മുടെ ആവശ്യങ്ങളെക്കുറിച്ചും സൗഖ്യത്തെക്കുറിച്ചും മാത്രം ചിന്തിച്ചാൽ പോര, അങ്ങിനെ ചിന്തിക്കുന്ന സമൂഹമാണ് ഭൂമിയുടെ ഭാരം. മറ്റുള്ളവരുടെ വേദനയും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കാൻ കഴിയണം. അതിന് നമ്മിൽ കാരുണ്യഭാവം വളർത്തിയെടുക്കണം. നമ്മുടെ പ്രാർത്ഥനയും ആരാധനയുമെല്ലാം സഫലമാകുവാൻ മറ്റ് മാർഗ്ഗങ്ങളില്ല. സേവനത്തിന് ലഭിക്കുന്ന അസരങ്ങൾ തട്ടി കളയരുത് അവ സ്വർഗ്ഗത്തിലേക്കുള്ള ഏണിയാണ്.

6. **വേളമാനൂർ പരസ്പരാനന്ദ കൂട്ടായ്മയിലേക്ക് സ്വാഗതം :–** കൊല്ലം, പാരിപ്പള്ളി : പണവും ഭരണകൂടവും പള്ളിക്കൂടവും ഇല്ലാതെ സ്വാഭാവിക ജൈവജീവിതം സാധ്യമോ? ജൂലൈ 8, 9 തീയതികളിൽ വേളമാനൂർ ആനന്ദാശ്രമത്തിൽവെച്ച് ദർശനം ആശയങ്ങളെപ്പറ്റി പഠിക്കാം, പ്രയോഗത്തിൽ കൊണ്ടുവരാം. എല്ലാവർക്കും സ്വാഗതം. പങ്കെടുക്കുന്നവർ ക്രമീകരണങ്ങൾക്കായി അറിയിക്കുക. ഫോൺ : 9446706011 ( ജെ.പി വേളമാനൂർ)

7. **മരണം എന്ന വാതിൽ :–** ദർശനം കുടുംബത്തിൽ നിന്നും ധാരാളം പേർ ഈ വാതിലിലൂടെ ഈയിടെ കടന്നുപോയി. അച്ഛനോടൊപ്പം പുന്നപ്ര സ്കൂളിൽ അധ്യാപികയായിരുന്ന **ഓമനക്കുട്ടിയമ്മ സാർ**. നീർക്കുന്നം സ്കൂൾ അധ്യാപികയായിരുന്ന **തങ്കമ്മ സാർ**. എടത്വായിൽ നിന്നും എല്ലാ ദർശനം പരിപാടികൾക്കും പങ്കെടുക്കുന്ന **ജോസഫ് ചേട്ടൻ**. ദർശനത്തിന് സ്വന്തമായി ഒരു ഓഫീസ് വേണം, സ്ഥലമില്ലെങ്കിൽ അത് ഞാൻ തരാമെന്ന് പറഞ്ഞ **ഗോപാലൻ ചേട്ടൻ** എന്നിവർ നമ്മെ വിട്ടു പിരിഞ്ഞു. ദർശനം കഴിയുന്നത്ര വീടുകളിൽ പങ്കെടുത്ത് ആദരാഞ്ജലികളർപ്പിച്ചു. വളരെ വൈകിയാണ് അച്ഛന്റെ മിത്രം **ശ്രീ. കെ. ആർ.കെ എമ്പ്രാന്തിരി**യുടെ ചരമവാർത്ത അറിഞ്ഞത്. അച്ഛന്റെ അനുജന്റെ പത്നി **സതീദേവി** മുംബൈയിൽ അന്തരിച്ചു. ആതുര സേവന രംഗത്ത് പ്രവർത്തിച്ചു വന്നിരുന്ന ചിറ്റമ്മയുടെ കാരുണ്യപൂർവ്വമായ പ്രവർത്തനങ്ങൾ കണ്ട് ‘‘അച്ഛൻ മോളൊരു റോസാപ്പൂവാണെന്ന്’’ വിശേഷിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ശ്രീകുമാരി ചേച്ചിയുടെ ഭർത്താവ് **കെ. വിശ്വനാഥൻ നായർ** വാർദ്ധക്യസംബ

ന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. വിവരം അറിഞ്ഞ് ഗിരിജനുമായി അമ്പലത്തറയിലെത്തി ദർശനത്തിന്റെ പ്രണാമം അർപ്പിച്ചു.

ഈ ഭൂമിയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലമല്ലാതെ ആർക്കെങ്കിലും താമസിക്കാനാകുമോ? ഇവിടെ സമ്പാദിച്ചതെന്തെങ്കിലും കൊണ്ടു പോകാനാകുമോ? പൂക്കളിൽ നിന്നും കാറ്റ് സുഗന്ധം കൊണ്ടു പോകുന്നതു പോലെ പുണ്യപാപങ്ങൾ നമ്മെ പിൻതുടരുക തന്നെ ചെയ്യുമെന്ന് മഹാത്മാക്കൾ പ്രസ്താവിച്ചിട്ടുണ്ട്. ഒരു കുതിര വണ്ടി ഓടി പോകുമ്പോൾ കുതിരയും വണ്ടിയും തമ്മിൽ ബന്ധിച്ചിരിക്കുന്നതു പോലെ മനുഷ്യന്റെ കർമ്മങ്ങളും അതിന്റെ ഫലവും തമ്മിൽ വേർപെടുത്താനാവാത്ത വിധം ബന്ധിച്ചിരിക്കുന്നതായി ശ്രീബുദ്ധൻ പറഞ്ഞിട്ടുണ്ട്. ജനന-മരണങ്ങൾ മഹാരഹസ്യങ്ങളാണ്. മരണം മറ്റൊരു ജീവിതത്തിന്റെ തുടക്കമാണ്. ആത്മാവ് അനശ്വരവും മരണം അനിവാര്യവുമാണ്. അത് ആർക്ക് എപ്പോൾ സംഭവിച്ചാലും ദുഃഖിക്കാതിരിക്കുവാനുള്ള കല നാം അഭ്യസിച്ചിരിക്കണം. കണ്ണുനീരിൽ മുങ്ങി താണു പോകരുത്. ഭൗതിക മോഹങ്ങൾ എരിഞ്ഞടങ്ങുന്ന ശ്മശാനത്തിൽ ആനന്ദനൃത്തം ചെയ്യുന്നവനാണ് ശിവൻ. ദേഹത്തോടുള്ള അഭിനിവേശം അവസാനിക്കുമ്പോൾ "ഞാൻ (അഹം)" ചത്തു പോകുമ്പോൾ ഉള്ളിൽ ആനന്ദം വന്നു നിറയും. മരണം മധുരമാണാർക്കും. ആ വാതിലിലൂടെ കടന്നു പോയവർക്കെല്ലാം ദർശനത്തിന്റെ പ്രണാമം.

**സ്നേഹത്തിന്റെ ഭാഷ** - മാനവ രാശിക്കും മനുഷ്യേതര ജീവജാലങ്ങൾക്കും മനസ്സിലാകുന്ന ഒരേ ഒരു ഭാഷ സ്നേഹം മാത്രമാണ്. 40 വർഷമായി ജീവിതത്തിന്റെ എല്ലാ മേഖലകളിലും പെട്ടവരുമായി ഞാൻ സംവദിക്കുന്നു. ആറു ഭൂഖണ്ഡങ്ങളിൽ സഞ്ചരിച്ചു. കോടിക്കണക്കിന് ആളുകളുടെ ഹൃദയം തൊട്ടറിഞ്ഞു. എല്ലാവരുമായി സംവദിക്കുന്നത് സ്നേഹത്തിന്റെ ഭാഷയിലാണ്. മതമോ ജാതിയോ രാജ്യമോ, വർണ്ണ, വംശ, ഭാഷാ വ്യത്യാസങ്ങളോ അതിന് തടസ്സമായിട്ടില്ല. സ്നേഹത്തിന്റെ പരിവർത്തന ശക്തിയിലും ഹൃദയങ്ങളെ ഒന്നിപ്പിക്കാനുള്ള ശക്തിയിലും ഞാൻ വിശ്വാസം അർപ്പിക്കുന്നു. ചൈനയിലെ ഷാങ്ഹായിൽ നടന്ന ഐക്യരാഷ്ട്രസംഘടനയുടെ സാംസ്ക്കാരിക കൂട്ടായ്മയിൽ അമ്മ നടത്തിയ പ്രഭാഷണത്തിൽ നിന്ന്.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല :-** കഞ്ഞിപ്പാടത്തു നിന്നും അനിരുദ്ധൻ സാർ, ഗൗരിമന്ദിരം - 200/-, സനൽകുമാർ, ശ്രേയസ് - 500/-, അമ്പലപ്പുഴ നിന്നും അമ്മിണി ചേച്ചി - 300/-, രാജപ്പൻനായർ, കരുമാടി - 300/-, രമണൻ. പുന്നപ്ര - 200/-, ഡോ. ഗോപാലകൃഷ്ണൻ, വണ്ടാനം - 500/-, വിമലച്ചേച്ചി, ഹരിപ്പാട് - 1000/-, പുനലൂര് നിന്നും സുരേഷ് ബാബു - 2000/-, വർഗ്ഗീസ് സാർ, ചെന്നിത്തല - 1000/-

പരിശുദ്ധ ഖുർ-ആൻ അവതരിച്ച ഈ റമളാൻ മാസം ഭൂമിയിൽ മനുഷ്യരാശി അഹന്ത വെടിഞ്ഞ് ഈശ്വര വിശ്വാസത്തോടും പരസ്പര ആദരവോടും ഒന്നിച്ച് ജീവിക്കുവാൻ ഇട വരട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. സർവ്വേശ്വരന്റെ അനുഗ്രഹം ഉണ്ടാകുവാൻ പരിശ്രമിക്കാം.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306